بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ      نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ      وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 10

ലക്കം 43-44

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ഒക്ടോബർ 23-30 • ഹി.ശം 1404 അഖാഅ് 23-30 • ഹി:ഖ 1447 റബി-ആഖർ-30 ജമാ-അവ്വൽ 7

## അല്ലാഹുവിന്റെ വചനം

نَزَّلَ عَلَیۡکَ الۡکِتٰبَ بِالۡحَقِّ مُصَدِّقًا لِّمَا بَیۡنَ یَدَیۡہِ وَاَنۡزَلَ التَّوۡرٰىۃَ وَالۡاِنۡجِیۡلَ ۙ

അവൻ നിനക്ക് ഈ ഗ്രന്ഥം ഇതിനു മുമ്പേയുള്ളതിനെ സാക്ഷാത്കരിക്കുന്ന നിലയിൽ സത്യപൂർണമായി അവതരിപ്പിച്ചിരിക്കുന്നു. ജനങ്ങൾക്ക് മാർഗദർശകമായി(ഇതിനു)മുമ്പേ തൗറാത്തും ഇഞ്ചീലും അവൻ ഇറക്കിയിട്ടുണ്ട്. (സൂറ ആലു ഇംറാൻ ആയത്ത് 4)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദ്رضي الله عنهന്റെ ശ്ലാഘനീയമായ കർമം: ത്വാരിഖ് ബിൻ സിയാദ് വിവരിക്കുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്رضي الله عنه ഇങ്ങനെ പറയുന്നതു കേട്ടു. ഞാൻ മിഖ്ദാദ് ബിൻ അസ്വദ്رضي الله عنهന്റെ ശ്ലാഘനീയമായൊരു കർമം കണ്ടു. അതായത് അതിന്നെതിരിൽ എന്റെ നന്മകൾക്ക് ഒരു പ്രസക്തിയുമില്ല. ആ ജോലി ഞാൻ ചെയ്തിരുന്നെങ്കിലെന്ന് ആഗ്രഹിച്ചുപോയി. നബിﷺതിരുമേനി (ബദ്ർ യുദ്ധാവസരത്തിൽ)അന്യാരാധകർക്കെതിരിൽ യുദ്ധം ചെയ്യാൻ വിളിക്കുകയായിരുന്നു. (തന്റെ സ്വഹാബിമാരോടു നിങ്ങൾ യുദ്ധം ചെയ്യാൻ തയ്യാറാണോ എന്ന് ചോദിക്കുകയായിരുന്നു). ആ നേരത്ത് മിഖ്ദാദ് ബിൻ അസ്വദ്رضي الله عنه എഴുന്നേറ്റു. നബിﷺതിരുമേനിയോടു പറഞ്ഞു:'മൂസായുടെ ജനത പറഞ്ഞതുപോലെ ഞങ്ങളൊരിക്കലും പറയുകയില്ല;നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്യുക എന്ന്!(ഞങ്ങളിവിടെ ഇരിക്കാം.ശത്രുക്കളെ നേരിടാൻ പോകുകയില്ല.) പ്രത്യുത ഹുദൂർ! ഞങ്ങൾ അങ്ങയുടെ വലത്തുനിന്നും യുദ്ധം ചെയ്യും. ഇടത്തുനിന്നും യുദ്ധം ചെയ്യും. മുന്നിൽനിന്നും യുദ്ധം ചെയ്യും പിന്നിൽനിന്നും യുദ്ധം ചെയ്യും.(എന്തായാലും ഞങ്ങൾ അങ്ങയോടൊപ്പം നിൽക്കുന്നതാണ്. ഇതുകേട്ട്) നബിﷺതിരുമേനി എത്രമാത്രം സന്തോഷിച്ചെന്നാൽ അവിടത്തെ അനുഗൃഹീതമായ മുഖകമലം സന്തോഷത്താൽ വിളങ്ങി.*(ബുഖാരി കിതാബുൽ മഗാസി ഖിസ്സ്വ ഗസ്‌വത്തുബദ്ർ ബാബു ഖൗലുല്ലാഹിത്തആലാ ഇദ് തസ്ത്തഗീഥൂന റബ്ബക്കും)(ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് 997, ഗ്രന്ഥ കർത്താവ് മലിക് സയ്ഫുർറഹ്മാൻ സാഹിബ്)*

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
2025 സെപ്റ്റംബർ 19

ലേഖനം : എന്താണ് യഥാർഥ ജിഹാദ്

## 'അവർ കളിച്ചിട്ട് മടങ്ങിവരും. എന്നാൽ, ഞാനേത് ക്രിക്കറ്റാണ് കളിക്കുന്നതെന്നാൽ അതു ഖിയാമത്തുന്നാൾവരെ നിലനില്ക്കുന്നതായിരിക്കും.'

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

**അഭിവൃദ്ധികൾ അപരിമിതമാണ്:**

പറഞ്ഞു:"സ്വർഗത്തിലും മുഅ്മിനീങ്ങൾക്ക് അഭിവൃദ്ധിയുണ്ടാകുന്നു. അഭിവൃദ്ധികൾ നബിമാർക്കുമുണ്ടാകുന്നു. ഇല്ലെങ്കിലെന്തിനാണ് സ്വലാത്ത് ചൊല്ലുന്നത്. അഭിവൃദ്ധികൾ അപരിമിതമാണെന്നാണ് നമ്മുടെ മതം."

**നബിﷺതിരുമേനിയുടെ ശ്ലാഘനീയമായ കർമം:**

പറഞ്ഞു: "ആളുകൾ മസീഹിന് ഇത്രമാത്രം ദീർഘായുസ്സു നലകുന്നതിനുവേണ്ടി നിഷ്ഫലമായി പ്രവർത്തിക്കുകയാണ്. ദീർഘായുസാഗ്രഹിക്കാൻ അദ്ദേഹത്തിന്റെ അൽപ്പായുസ്സ് എന്തു ഫലമാണുണ്ടാക്കിയത്? ലോകം കുരിശാരാധകരെകൊണ്ടു നിറഞ്ഞു. എല്ലായിടത്തും അന്യാരാധന പരന്നു. അതേ! ഇത്രയധികം ആയുസ്സു ലഭിക്കുന്നത് മറ്റാർക്കെങ്കിലും സാധ്യമാകുമായിരുന്നെങ്കിൽ നബിﷺതിരുമേനിയായിരുന്നു അതിന്നർഹൻ. അദ്ദേഹം അൽപായുസ്സിനാൽ ഏകദൈവവിശ്വാസികളെക്കൊണ്ടു ഒരു ലോകംതന്നെ നിറച്ചു. അവരുടെ മനസ്സിൽ ദൈവത്തോടുള്ള സ്നേഹത്തിന്റെ സത്യമായ ആവേശം നിറച്ചു."

ക്രിക്കറ്റ് ഖിയാമത്തുന്നാൾവരെ കളിക്കപ്പെടും:ഖാദിയാനിലെ തഅ്ലീമുൽ ഇസ്ലാം മദ്രസ വിദ്യാർഥികളുടെ ക്രിക്കറ്റുകളി മത്സരമായിരുന്നു. ചില മഹാത്മാക്കളും കുട്ടികളുടെ സന്തോഷം വർധിപ്പിക്കുന്നതിന് ഫീൽഡിൽപോയി. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഒരു മകൻ കുട്ടിക്കാലത്തെ നിഷ്കളങ്കതകൊണ്ട് ആ മഹാത്മാവിനോടു ചോദിച്ചു: അബ്ബാ! അങ്ങെന്തുകൊണ്ടാണ് ക്രിക്കറ്റ് കളിക്കാൻ പോകാഞ്ഞത്? അവിടന്ന്عليه السلامഅപ്പോൾ സൂറ ഫാതിഹായുടെ തഫ്സീർ എഴുതുന്നതിൽ വ്യാപൃതനായിരുന്നു. പറഞ്ഞു:

"അവർ കളിച്ചിട്ട് മടങ്ങിവരും. എന്നാൽ, ഞാനേത് ക്രിക്കറ്റാണ് കളിക്കുന്നതെന്നാൽ അതു ഖിയാമത്തുന്നാൾവരെ നിലനില്ക്കുന്നതായിരിക്കും." *(മൽഫൂദാത്ത് വാല്യം 2, പേജ് 93 - 94, 2018 ഖാദിയാൻ പതിപ്പ്)*

**മനുഷ്യനെ അനശ്വരമായ ജീവിതത്തിനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് ഇസ്ലാം പറയുന്നു. അനശ്വരമായ ആത്മീയാഭിവൃദ്ധിയുടെ വഴി അവനുവേണ്ടി തുറക്കപ്പെട്ടിരിക്കുന്നു. യാഥാർഥ്യമെന്താണെന്നാൽ, മരണത്തിനുശേഷമുള്ള ഉയിർത്തെഴുന്നേൽപ് മനുഷ്യന്റെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയവും സ്നേഹവുമുണ്ടാക്കുന്നു. അത് അവന്റെ കർമങ്ങളുടെ പരിഷ്കരണത്തിനുള്ള സുപ്രധാനമായൊരു മാർഗമാണ്.**

സയ്യിദുനാ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്رضي الله عنهസൂറത്തുൽമുഅ്മിനൂനിലെ 38-ാമത്തെ വചനമായ ***ഇൻ ഹിയ ഇല്ലാ ഹയാത്തുനദ്ദുൻയാ നമൂത്തു വ നഹ്‌യാ വമാ നഹ്നു ബി മബ്ഊഥീൻ*** - ജീവിതമെന്നത് ഐഹികജീവിതം മാത്രമാണ്. നാം മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. നാം പുനരുഥാനം ചെയ്യപ്പെടുന്നവരല്ലതന്നെ - എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:പ്രവാചകന്മാരെ നിഷേധിക്കുന്നവരുടെ രണ്ടാമത്തെ കാരണം ഇതാണ്; അവർ മരണശേഷമുള്ള ഉയിർത്തെഴുനേല്പിനെ നിഷേധിക്കുന്നവരാണ്. ഇക്കാരണത്താൽ അവരുടെ ഉള്ളിൽ തങ്ങളുടെ കർമങ്ങൾ നല്ലതോ ചീത്തയോ എന്നതിനെ സംബന്ധിച്ച് ഒരിക്കലും ശരിയായ ബോധമുണ്ടാകുകയില്ല. അവരേതൊരു വഴിയിലാണോ നടന്നുകൊണ്ടുപോകുന്നത്, തങ്ങളുടെ ജോലി ഇത്രമാത്രമാണെന്ന് കരുതുന്നു, അതായത് തിന്നുക കുടിക്കുക ഈ കുറച്ചു ദിവസത്തെ ജീവിതം സുഖലോലുപതയിൽ കഴിച്ചുകൂട്ടുക. ഇക്കാരണത്താലാണ് അല്ലാഹുവിന്റെ നബിമാർ അവന്റെ സന്ദേശവുമായി അവരുടെയടുത്ത് വരുമ്പോൾ അവരുടെ വിശ്വാസങ്ങളിലും കർമങ്ങളിലും മഹത്തായ മാറ്റം ഉണ്ടാക്കാനാഗ്രഹിക്കുന്നതിനാൽ അവരുടെ ജീവിതത്തിന് ഒരു പ്രഹരമേൽക്കുന്നു. നിങ്ങൾ ഞങ്ങളെ അല്ലാഹുവിന്റെ ശിക്ഷയെ കുറിച്ച് പറഞ്ഞ് എന്തിനാണ് ഭയപ്പെടുത്തുന്നതെന്ന് ചോദിക്കുന്നു. മരിച്ചു കഴിഞ്ഞാൽ പുനരുജ്ജീവിപ്പിക്കപ്പെടുമെന്നത് ഞങ്ങളുടെ വിശ്വസമേയല്ല. അതുകൊണ്ട് ചോദ്യചെയ്യപ്പെടുമെന്ന ഭയം ഞങ്ങൾക്കെന്തുണ്ടാകാനാണ്. ഞങ്ങളെന്ത് കർമങ്ങൾ ചെയ്താലും ഈ കുറച്ചുദിവസത്തെ ജീവിതത്തിനുവേണ്ടിയായിരിക്കും ചെയ്യുന്നത്. ഞങ്ങൾ ഞങ്ങളുടെ ലാഭവും നഷ്ടവും നല്ലവണ്ണം മനസ്സിലാക്കാൻ കഴിവുള്ളവരാണ്. അതുകൊണ്ട് നിങ്ങൾ ഞങ്ങളെ പരലോകശിക്ഷയെ കുറിച്ച്

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി ഹക്കീം ബിൻ ഹസാമിന് ആദ്യം നൂറ് ഒട്ടകവും പിന്നീട് അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ച് നൂറ് ഒട്ടകവും നല്കി. എന്നിട്ട് പറഞ്ഞു: 'ഹക്കീമേ! ഈ സമ്പത്ത് നല്ലതും മധുരതരവുമാണ്. ആരെങ്കിലും അത് അത്യാഗ്രഹമില്ലാതെ സ്വീകരിക്കുകയാണെങ്കിൽ അതിൽ ബർക്കത്തുണ്ടാകും. എന്നാൽ, അത് അതിമോഹത്തോടും അത്യാർത്തിയോടുംകൂടി സ്വീകരിക്കുകയാണെങ്കിൽ അതിൽ ബർക്കത്തുണ്ടാകുകയില്ല. അവനെത്ര കഴിച്ചാലും മതിവരാത്ത വനെപ്പോലെയാണ്. മുകളിലുള്ള കൈ (ദാനം ചെയ്യുന്ന കൈ) താഴെയുള്ള കൈയെക്കാൾ (വാങ്ങുന്ന കൈയെക്കാൾ) ഉത്തമമാണ്.'**

**മുമ്പേയുണ്ടായ ദൈവസഹായത്തിന്റെ വെളിച്ചത്തിൽ, ത്വാഇഫിനെ കീഴടക്കുക എന്നത് അത്ര ബുദ്ധിമുട്ടുള്ളതോ അസാധ്യമായതോ ആയ കാര്യമല്ലായിരുന്നു. എന്നാൽ, പ്രത്യക്ഷത്തിൽ അവിടന്ന് തോൽവി അംഗീകരിക്കുകയും ഉപരോധം അവസാനിപ്പിക്കാൻ പ്രഖ്യാപിക്കുകയും ചെയ്തു. നബിﷺതിരുമേനിയുടെ ജീവിതത്തിലെ ഒരു തിളക്കമാർന്ന വശം ഇവിടെ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. അതായത് അവിടത്തെ യുദ്ധനീക്കങ്ങൾ വ്യക്തിപരമായ വികാരങ്ങൾക്ക് അടിപ്പെട്ടതായിരുന്നില്ല. യുദ്ധമുതലുകൾ നേടാനോ രാജ്യങ്ങൾ കീഴടക്കാനോ വേണ്ടിയുമായിരുന്നില്ല. മറിച്ച്, അവിടത്തെ ഓരോ അനക്കമടക്കങ്ങളും വാക്കുകളും പ്രവൃത്തികളും സർവജ്ഞാനിയായ അല്ലാഹുവിന്റെ ഇഷ്ടത്തിന് വിധേയമായിരുന്നു.**

**നബിﷺതിരുമേനിയുടെ ഹൃദയവിശാലതയുടെയും കാരുണ്യത്തിന്റെയും നിലവാരം ഇവിടെ ശ്രദ്ധേയമാണ്. പ്രത്യക്ഷത്തിൽ ലക്ഷ്യം നേടാതെ മടങ്ങുകയായിരുന്നെങ്കിലും നബിﷺതിരുമേനി അവർക്കെതിരെ ബദ്ദുആ ചെയ്യുന്നതിനു പകരം ഇങ്ങനെ പ്രാർഥിച്ചു: "അല്ലാഹുമ്മഹ്ദി ഥഖീഫൻ വഅ്തി ബിഹിം മുസ്‌ലിമീൻ" അതായത് അല്ലാഹുവേ, ഥഖീഫ് ഗോത്രത്തിന് ഹിദായത്ത് നല്കി അവരെ മുസ്‌ലിമീങ്ങളാക്കി കൊണ്ടുവരേണമേ.**

**ഖുറയ്ശികൾക്ക് സമ്പത്ത് നല്കിയതിന്റെ പിന്നിലെ യുക്തി നബിﷺതിരുമേനി ഇങ്ങനെ വിശദീകരിച്ചു: "ഇന്നീ ഉഅ്ത്വീ ഖുറയ്ശൻ അതഅല്ലഫുഹും ലിഅന്നഹും ഹദീഥു അഹ്ദിൻ ബിജാഹിലിയ്യത്തി. അതായത്, ഞാൻ ഖുറയ്ശികൾക്ക് കൊടുത്തുകൊണ്ട് അവരുടെ ഹൃദയങ്ങളെ ഇണക്കുകയാണ്, കാരണം അവർ ജാഹിലിയ്യത്തിൽനിന്ന് വേർപിരിഞ്ഞിട്ട് അധികകാലമായിട്ടില്ല. അവരുടെ ഈമാൻ അത്ര സുദൃഢമല്ല.**

**സ്വഹാബത്ത് ഹുനയ്ൻ യുദ്ധത്തിനുശേഷം ആക്ഷേപം ഉന്നിക്കുന്ന ഒരു കപട വിശ്വാസിയെ കുറിച്ച് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഒരാൾ അകത്തൊന്നുവച്ച് പുറമെ മറ്റൊന്ന് പറയുന്നു. അയാൾ ശിക്ഷയ്ക്കർഹനല്ലേ? നബിﷺതിരുമേനി പറഞ്ഞു: ആളുകളോടു അവരുടെ മനസ്സിലുള്ള ചിന്തകൾക്കനുസരിച്ച് പെരുമാറാൻ അല്ലാഹു എന്നോടു കൽപ്പിച്ചിട്ടില്ല. അവരുടെ പുറമെയുള്ള പ്രവർത്തനങ്ങൾക്കനുസരിച്ച് അവരോടു പെരുമാറാനാണ് ഞാൻ കൽപ്പിക്കപ്പെട്ടിട്ടുള്ളത്.'**

**ത്വാഇഫ് യുദ്ധത്തിന്റേയും ഹുനയ്ൻ യുദ്ധത്തിന്റേയും പശ്ചാത്തലത്തിൽ പരിശുദ്ധമായ നബിചരിത്രവിവരണം**

**ഖുത്ബ ജുമുഅ 2025 സെപ്റ്റംബർ 19, 1404 ളുഹൂർ 19, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുത്ബകളിൽ ത്വാഇഫ് യുദ്ധത്തെക്കുറിച്ച് പറയുകയായിരുന്നു. തദവസരത്തിൽ അവരുമായി ചർച്ചയ്ക്കുപോയ ഒരു സ്വഹാബിയെ-അദ്ദേഹത്തിന് ഒന്നും സംഭവിക്കില്ലെന്ന് ത്വാഇഫുകാർ ഉറപ്പ് നല്കിയിരുന്നിട്ടും-അദ്ദേഹം കോട്ടയുടെ അടുത്തെത്തിയപ്പോൾ അവർ അദ്ദേഹത്തെ ശഹീദാക്കി. അവർ കരാർലംഘനം നടത്തി. എന്നാൽ, ത്വാഇഫുകാരുടെ ഈ കരാർ ലംഘനത്തിനുശേഷവും, നബിﷺതിരുമേനി അനുരഞ്ജനത്തിനുള്ള ശ്രമം ഉപേക്ഷിച്ചില്ല. അവിടന്ന് വീണ്ടും ഹദ്റത്ത് ഹൻളല ബിൻ റബീയിനെؓ ത്വാഇഫുകാരുടെ അടുത്തയച്ചു. അദ്ദേഹം കോട്ടയുടെ അടുത്തെത്തി ചർച്ചചെയ്യാനുള്ള സന്ദേശമയച്ചപ്പോൾ, അവരിൽ ചിലർ ചർച്ചയ്ക്ക് പുറത്തുവന്നു. ഹദ്റത്ത് ഹൻളലؓ നിങ്ങൾ ശരിക്കും രഞ്ജിപ്പ് ആഗ്രഹിക്കുന്നുണ്ടോ എന്ന് ചോദിച്ചു. എന്നാൽ, അവർ ഒന്നും പറയാതെ ഹദ്റത്ത് ഹൻളലയെ ആക്രമിച്ച് അദ്ദേഹത്തെ പിടികൂടി കോട്ടയിൽ കൊണ്ടുപോകാൻ ശ്രമിക്കുകയാണ് ചെയ്തത്. ഇതു കണ്ട് നബിﷺതിരുമേനി ചോദിച്ചു: "ഹൻളലയെ രക്ഷിച്ചുകൊണ്ടുവരാനാരുണ്ട്? അദ്ദേഹത്തെ ആര് രക്ഷിച്ചുകൊണ്ടുവന്നാലും, നമ്മുടെ എല്ലാ മുജാഹിദീങ്ങൾക്കും കിട്ടുന്ന അതേ പ്രതിഫലവും പുണ്യവും അവർക്ക് ലഭിക്കുന്നതായിരിക്കും." ഇതുകേട്ട് ഹദ്റത്ത് അബ്ബാസ്ؓ ഓടിച്ചെന്ന് ഹദ്റത്ത് ഹൻളലയെ മുശ്‌രിക്കുകളുടെ പിടിയിൽനിന്ന് രക്ഷിച്ചു കൊണ്ടുവന്നു. മടങ്ങുമ്പോൾ ശത്രുക്കൾ കോട്ടയിൽനിന്ന് കല്ലുകളെറിഞ്ഞെങ്കിലും അവർ സത്യനിഷേധികളുടെ കല്ലേറിൽനിന്ന് സുരക്ഷിതരായി. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസുലുല്ലാഹിﷺ, വാള്യം 9, പേജ് 352-353, ബസ്മ ഇഖ്ബാൽ ലാഹോർ)*

കഴിഞ്ഞ ഖുത്ബകളിൽ വിവരിച്ചതുപോലെ, ത്വാഇഫുകാർക്കും ഹവാസിൻ ഗോത്രക്കാർക്കും മക്കയിലെ ആളുകളുമായും പ്രത്യേകിച്ച് ഖുറയ്ശികളുമായി കുടുംബബന്ധവും ആഴത്തിലുള്ള സാമ്പത്തിക ബന്ധവുമുണ്ടായിരുന്നു. അവർക്ക് പരസ്പരം വിവാഹബന്ധങ്ങളുമുണ്ടായിരുന്നു. ഈ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ, അനുരഞ്ജനത്തിന് ഹദ്റത്ത് അബൂസുഫിയാൻ ബിൻ ഹർബ്, ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബ എന്നിവർ കോട്ടയ്ക്കുള്ളിൽ പോയെങ്കിലും അവർക്കും വിജയിക്കാൻ കഴിഞ്ഞില്ല. എന്നാൽ, കോട്ടയിലുള്ളവർ ഒരു അപേക്ഷ നടത്തി: 'മുഹമ്മദിﷺനോട് ഞങ്ങളുടെ തോട്ടങ്ങൾക്ക് നാശനഷ്ടം വരുത്തരുതെന്ന് പറയുക. അല്ലാഹുവിനു വേണ്ടിയും, കുടുംബബന്ധത്തിന്റെ പേരിലും അവയെ നശിപ്പിക്കാതെ നിലനിറുത്താൻ പറയുക.' സ്വന്തമായി ഒരു ഉടമ്പടിയും പാലിക്കാൻ തയ്യാറായില്ല, എന്നാലും തങ്ങളോടു കരുണ കാണിക്കണമെന്നാണ് അവർ അപേക്ഷിക്കുന്നത്. അവരുടെ അപേക്ഷ മാനിച്ചുകൊണ്ട്, തോട്ട

ങ്ങൾ നശിപ്പിക്കാനുള്ള ഉത്തരവ് നബിﷺതിരുമേനി പിൻവലിച്ചുവെന്ന് മുമ്പേ പറഞ്ഞുകഴിഞ്ഞതാണ്.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസുലുല്ലാഹിﷺ, വാല്യം 9, പേജ് 358-359, ബസം ഇഖ്ബാൽ ലാഹോർ)*

നബിﷺതിരുമേനിയുടെ ചരിത്രത്തിന്റെ ഒരു അതുല്യമായ വശമാണ് അവിടന്ന് എത്രമാത്രം ഉന്നതമായ എത്രമാത്രം ബുദ്ധി വൈഭത്തിന്റേയും സ്ഥൈര്യത്തിന്റേയും തെളിവാണ് നല്കിയതെന്നാൽ, ഒരുപാട് ദിവസങ്ങളായി അവർ ഉപരോധിക്കപ്പെട്ടിരിക്കുകയായിരുന്നു. ആ യുദ്ധതന്ത്രം മുഖേന അതായത് തോട്ടങ്ങൾ നശിപ്പിക്കാനുള്ള ഉത്തരവിലൂടെ യുദ്ധത്തിന്റെ ഗതി മുസ്‌ലിമീങ്ങൾക്ക് അനുകൂലമാകുമായിരുന്നു. എന്നാൽ, അവർ അല്ലാഹുവിന്റെയും കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിന്റെയും പേരിൽ അഭ്യർഥിച്ചപ്പോൾ, നബിﷺതിരുമേനി അവരുടെ അപേക്ഷ അംഗീകരിക്കുകയും, പ്രത്യക്ഷത്തിൽ വലിയൊരു സൈനിക നഷ്ടം സഹിക്കുകയും ചെയ്തു.

ഈ അവസരത്തിൽ, നബിﷺതിരുമേനി ഒരു വിളംബരം ചെയ്തു: “കോട്ടയുടെ ചുറ്റുമതിലിൽ നിന്ന് പുറത്തിറങ്ങിവന്ന് നമ്മോടൊപ്പം ചേരുന്ന ഏത് അടിമയും സ്വതന്ത്രനായിരിക്കും.” ഇതുകേട്ട് ഇരുപത്തിമൂന്ന് അടിമകൾ ഇറങ്ങിവന്ന് മുസ്‌ലിമീങ്ങളോടൊപ്പം ചേർന്നു. ഇതിൽ ത്വാഇഫുകാർ വളരെയധികം ദുഃഖിതരായി. നബിﷺതിരുമേനി ഈ അടിമകളെയെല്ലാം സ്വതന്ത്രരാക്കി. അവിടന്ന് അവരിലോരോരുത്തരെയും ഓരോ മുസ്‌ലിമിനെ ഏൽപ്പിച്ചു. അവരുടെ പരിപാലനത്തിന്റെ ചുമതല ആ മുസ്‌ലിമീങ്ങളുടെമേലിട്ടു. *(ശറഹ് സർഖാനീ അലാ മവാഹിബുല്ലദുന്നിയ്യ വാല്യം 4, പേജ് 11-13,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996) (സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 384, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

നബിﷺതിരുമേനി ആ അടിമകളെ സംബന്ധിച്ച് ഇങ്ങനേയും ഉപദേശിച്ചു: ‘അവരെ നല്ലവണ്ണം ദീൻ പഠിപ്പിക്കുക.’ കുറച്ചു കാലത്തിനു ശേഷം ത്വാഇഫുകാർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ, അവർ തങ്ങളുടെ അടിമകളെ തിരികെ നല്കണമെന്ന് നബിﷺതിരുമേനിയോട് അപേക്ഷിച്ചു. എന്നാൽ, അവിടന്ന് അവരുടെ അപേക്ഷ നിരസിച്ചു. ഈ അടിമകളിൽ ചിലർ ഇസ്‌ലാമിക ചരിത്രത്തിൽ നന്മയിലും തഖ്‌വയിലും പ്രശസ്തരായി. അവരിലൊരാൾ ഹദ്റത്ത് അബൂബക്റയുമാണ്. *(ഹുനയ്ൻ യുദ്ധം, ബാശമീൽ, പേജ് 235-236, നഫീസ് അക്കാഡമി)*

ഒരു അവസരത്തിൽ, ഉയയ്നഹ് ബിൻ ഹിസ്ൻ ഫസാരിؓനബിﷺതിരുമേനിയോടു കോട്ടയ്ക്കുള്ളിൽച്ചെന്ന് ബനു ഥഖീഫിനെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ അനുവാദം ചോദിച്ചു. ഇനി ഉയയ്നഹ് ബിൻ ഹിസ്നെ പരിചയപ്പെടുത്താം. അഹ്സാബ് യുദ്ധസമയത്ത് അദ്ദേഹം സത്യനിഷേധികളുടെ ഭാഗത്തുള്ള ബനൂഫസാറ ഗോത്രത്തിന്റെ നേതാവായിരുന്നു. അഹ്സാബ് യുദ്ധത്തിൽ സത്യനിഷേധികൾ പരാജയപ്പെട്ടതിനുശേഷവും അദ്ദേഹം മദീനയെ ആക്രമിക്കാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ, നബിﷺതിരുമേനി പട്ടണത്തിന് പുറത്തുപോയി അദ്ദേഹത്തിന്റെ ആക്രമണം തടയുകയും പിന്തിരിയാൻ നിർബന്ധിതനാക്കുകയും ചെയ്തു. മക്കാ വിജയത്തിനുമുമ്പേ അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയും പ്രസ്തുത ദൗത്യത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. മക്കാവിജയ വേളയിൽ അദ്ദേഹം പ്രത്യക്ഷത്തിൽ ഒരു മുസ്‌ലിമായിരുന്നു. ഹുനയ്ൻ, ത്വാഇഫ് യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തു. എന്നാൽ, ഹദ്റത്ത് അബൂബക്ർؓന്റെ ഭരണകാലത്ത്, അദ്ദേഹം വിദ്രോഹികളായ മുർത്തദ്ദീങ്ങളോടൊപ്പംകൂടി കലാപത്തിൽ പങ്കെടുത്തു. നബിത്വം വാദിച്ച കലാപകാരിയായ ത്വുലയ്ഹത്തിൽ ആകൃഷ്ടനാകുകയും അയാളുടെ ബയ്അത്ത് (ശിഷ്യത്വം) സ്വീകരിച്ച് അയാളോടൊപ്പം ഇസ്‌ലാമിക സൈന്യത്തിനെതിരെ യുദ്ധം ചെയ്യുകയും ചെയ്തു. എന്നാൽ, യുദ്ധത്തിൽ അമ്പേ പരാജയപ്പെട്ട് തടവുകാരനായി ഹദ്റത്ത് അബൂബക്റിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടപ്പോൾ അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. ഹദ്റത്ത് അബൂബക്ർؓ അദ്ദേഹത്തിന് മാപ്പുനല്കി, അദ്ദേഹം വീണ്ടും ഇസ്‌ലാം സ്വീകരിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, ‘ഇതിനു മുമ്പേ ഞാൻ യഥാർഥത്തിൽ ഒരിക്കലും വിശ്വാസി ആയിട്ടില്ലായിരുന്നു.’ അദ്ദേഹത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്, അദ്ദേഹം അഹങ്കാരിയും പരുഷമായ സ്വഭാവക്കാരനുമായിരുന്നു എന്നാണ്. തന്റെ ഗോത്രത്തിലെ പ്രശസ്തനായ യോദ്ധാവും നേതാവുമായിരുന്നു. നബിﷺതിരുമേനി അദ്ദേഹത്തെ ‘അൽഅഹ്മഖുൽ മുത്വാഅ്’ അതായത്, വിഡ്ഢിയായ നേതാവ് എന്ന് വിശേഷിപ്പിച്ചതായി പറയപ്പെടുന്നു.

എന്തായാലും, താൻ കോട്ടയ്ക്കുള്ളിൽ പോകാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞപ്പോൾ നബിﷺ തിരുമേനി അദ്ദേഹത്തിന് അനുവാദം നല്കി. എന്നാൽ, ഉയയ്നഹ് കോട്ടയ്ക്കുള്ളിൽ ആ ആളുകളുടെ അടുത്തെത്തി അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നതിനു പകരം ബനു ഥഖീഫിനോട് പറഞ്ഞു: ‘നിങ്ങൾ നിങ്ങളുടെ കോട്ടയിൽ ഉറച്ചുനിൽക്കുക, കാരണം ഞങ്ങളുടെ അവസ്ഥ ഒരു അടിമയേക്കാൾ മോശമായിക്കൊണ്ടിരിക്കുകയാണ്.’ഒരു നിവേദനത്തിൽ ഈ വാക്കുകളും കാണാം: ‘ഒരു കാരണവശാലും നിങ്ങളുടെ കോട്ട ഉപേക്ഷിക്കുകയോ ഏതെങ്കിലും കാര്യത്തിൽ പരിഭ്രമിക്കുകയോ ചെയ്യരുത്.’ നബിﷺതിരുമേനിയുടെ അടുത്ത് ഉയയ്നഹ് മടങ്ങിയെത്തിയപ്പോൾ അവിടന്ന് ചോദിച്ചു: ‘ഉയയ്നഹേ! താങ്കൾ അവരോടെന്താണ് പറഞ്ഞത്?’ അദ്ദേഹം പറഞ്ഞു: ‘ഞാൻ അവരെ ഇസ്‌ലാം സ്വീകരിക്കാൻ ഉപദേശിക്കുകയും ദീനിലേക്ക് ക്ഷണിക്കുകയും നരകത്തെക്കുറിച്ച് മുന്നറിയിപ്പ് നല്കുകയും സ്വർഗത്തിലേക്കുള്ള വഴി കാണിച്ചുകൊടുക്കുകയും ചെയ്തു.’ എന്നാൽ, അയാൾ അവിടെ പോയിട്ടെന്താണ് പറഞ്ഞതെന്ന് അല്ലാഹു വഹ്‌യിലൂടെ നബിﷺതിരുമേനിയെ അറിയിച്ചിരുന്നു. അതിനാൽ, നബിﷺതിരുമേനി പറഞ്ഞു: ‘നീ കളവാണ് പറയുന്നത്. താങ്കൾ അവരോട് ഇന്നയിന്ന കാര്യങ്ങളാണ് പറഞ്ഞതെന്ന് പറഞ്ഞുകൊണ്ട് അവിടന്ന് ഉയയ്നഹ് പറഞ്ഞ കാര്യങ്ങൾ ആവർത്തിച്ചു. ഇതുകേട്ട് ഉയയ്നഹ് അത്ഭുതപ്പെട്ടുപോയി. അയാൾ പറഞ്ഞു: ‘അല്ലാഹുവിന്റെ റസൂലേ, അവിടന്ന് സത്യമാണ് പറയുന്നത്. ഞാനെന്റെ ഈ പ്രവൃത്തിക്ക് അങ്ങയോടും അല്ലാഹുവിനോടും പശ്ചാത്തപിക്കുന്നു. *(അസ്സീറത്തുൽഹൽബിയ്യ വാല്യം 3, പേജ് 168, വാല്യം 2, പേജ് 376, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)(ഉസ്വാബ വാല്യം 4, പേജ് 639, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)(അൽഇസ്തീആബ് വാല്യം 3, പേജ് 317, ദാറുൽകുതുബുൽ ഇൽമിയ്യ 2002)(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സ്വിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ പേജ് 139, ബുക്‌കോർണർ ഷോറൂം)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസുലുല്ലാഹിﷺ, വാല്യം 9, പേജ് 360-361, ബസം ഇഖ്ബാൽ ലാഹോർ)*

പക്ഷേ, ഈമാൻ എന്തായാലും ഇപ്പോഴും പൂർണമായനിലയിൽ സ്ഥാപിതമായിരുന്നില്ല.

നബിﷺതിരുമേനി ഉപരോധത്തിന്റെ അവസ്ഥ മുന്നിൽക്കണ്ട് ഹദ്റത്ത് നൗഫൽ ബിൻ മുആവിയ ദയ്‌ലിയോട് അഭിപ്രായം ആരാഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘ഇതു കുറുക്കൻ അതിന്റെ മാളത്തിൽ ഓടിയൊളിച്ചതുപോലെയാണ്. നമ്മൾ ഇവിടെത്തന്നെ നിന്നാൽ അതിനെ പിടിക്കാൻ സാധിക്കും. ഇനി അതിനെ വിട്ടയക്കുകയാണെങ്കിൽ അത് ഉപദ്രവിക്കാൻ ശേഷിയില്ലാത്തതായി മാറും. കുറുക്കൻ അതിന്റെ ഗുഹയിൽ പോകുകയും ചെയ്യും.’ ഇതുകേട്ട് നബിﷺതിരുമേനി ഉപരോധം അവസാനിപ്പിക്കാൻ തീരുമാനിച്ചു. ഹദ്റത്ത് ഉമർؓമുഖേന ജനങ്ങളോടു ഇൻശാ അല്ലാഹ് നാളെ തിരിച്ചുപോകുമെന്ന് പ്രഖ്യാപിച്ചു. *(താരീഖ് അത്ത്വബ്‌രി, വാല്യം 2, പേജ് 172, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്1987)(അർറഹീഖുൽ മഖ്ത്തൂം മുത്തർജിം ഉർദു പേജ് 568, മക്തബസ്സലഫിയ ലാഹോർ2002)*

ഈ തീരുമാനം യഥാർഥത്തിൽ വെറും കൂടിയാലോചനയുടെ ഫലമായിട്ടായിരുന്നില്ല, പ്രത്യുത അല്ലാഹുവിൽനിന്ന് പ്രത്യേക മാർഗനിർദേശമോ സൂചനയോ ലഭിച്ചതുകൊണ്ടായിരുന്നുവെന്നാണ് മനസ്സിലാകുന്നത്. അല്ലാത്ത പക്ഷം നബിﷺതിരുമേനിയുടെ സൈനിക ദൗത്യങ്ങളിൽ ഇത്രയും പ്രധാനപ്പെട്ടതും ആവശ്യമായതുമായ ഒരു വിജയം പകുതിക്കുവച്ച് ഉപേക്ഷിച്ച് മടങ്ങുന്നത് ആദ്യത്തെ സംഭവമായിരിക്കും.

നിരൂപകരും നിവേദകരും എന്തുതന്നെ എഴുതിയാലും, ചരിത്രത്തിൽ നമ്മൾ കണ്ടിട്ടുണ്ട്, ഇതിനെക്കാൾ വലിയ ബുദ്ധിമുട്ടുകളും അസാധ്യമായ യുദ്ധങ്ങളും നേരിടേണ്ടി വന്നപ്പോൾപോലും നബിﷺതിരുമേനിക്ക് അല്ലാഹു അസാധാരണമായ വിജയവും സഹായവും നല്കിയിട്ടുണ്ട്. ബനു ഖുറയ്ളയുടെയും ഖയ്ബറിന്റെയും വിജയങ്ങൾ ഇതി

നുദാഹരണങ്ങളാണ്. അതിന് കുറച്ചു മുമ്പേ നടന്ന ഹുനയ്ൻ യുദ്ധത്തിന്റെ ഉദാഹരണവും മറക്കാനാകില്ലായിരുന്നു. ഹുനയ്ൻ യുദ്ധസമയത്ത് ചില മക്കക്കാർ നബിﷺതിരുമേനിയ്ക്ക് കടുത്ത പരാജയമുണ്ടാകുമെന്ന് വിശ്വസിച്ചിരുന്നു. ഒരു കൂട്ടമാളുകൾ അവിടത്തെ പരാജയം കണ്ട് ആസ്വദിക്കാൻ വേണ്ടി മാത്രമാണ് കൂടെ പോയതുതന്നെ! എന്നാൽ, ആ സന്ദർഭത്തിലും തീർച്ചയായും പ്രത്യക്ഷത്തിൽ പരാജയമായി കാണപ്പെട്ടതിനെ അല്ലാഹു അത്ഭുതകരവും അസാധാരണവുമായ ഒരു ചരിത്രവിജയമാക്കി മാറ്റി. ത്വാഇഫിൽ പേടിച്ച് ഒളിച്ചിരുന്നത് ഹുനയ്ൻ യുദ്ധത്തിൽ ഓടിപ്പോവുകയും പരാജയപ്പെടുകയും ചെയ്ത അതേ സൈന്യമായിരുന്നു. മുമ്പേയുണ്ടായ ദൈവസഹായത്തിന്റെ വെളിച്ചത്തിൽ, ത്വാഇഫിനെ കീഴടക്കുക എന്നത് അത്ര ബുദ്ധിമുട്ടുള്ളതോ അസാധ്യമായതോ ആയ കാര്യമല്ലായിരുന്നു. എന്നാൽ, പ്രത്യക്ഷത്തിൽ അവിടന്ന് തോൽവി അംഗീകരിക്കുകയും ഉപരോധം അവസാനിപ്പിക്കാൻ പ്രഖ്യാപിക്കുകയും ചെയ്തു. നബിﷺതിരുമേനിയുടെ ജീവിതത്തിലെ ഒരു തിളക്കമാർന്ന വശം ഇവിടെ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. അതായത് അവിടത്തെ യുദ്ധനീക്കങ്ങൾ വ്യക്തിപരമായ വികാരങ്ങൾക്ക് അടിപ്പെട്ടതായിരുന്നില്ല. യുദ്ധമുതലുകൾ നേടാനോ രാജ്യങ്ങൾ കീഴടക്കാനോ വേണ്ടിയുമായിരുന്നില്ല. മറിച്ച്, അവിടത്തെ ഓരോ അനക്കമടക്കങ്ങളും വാക്കുകളും പ്രവൃത്തികളും സർവജ്ഞാനിയായ അല്ലാഹുവിന്റെ ഇഷ്ടത്തിന് വിധേയമായിരുന്നു. അവിടത്തെ ജീവിതം മുഴുവൻ ഈ വിശുദ്ധ ഖുർആൻ വാക്യത്തിന് ഉദാഹരണമായിരുന്നു: ***ഖുൽ ഇന്ന സ്വലാത്തീ വ നുസുക്കീ വ മഹ്‌യായ വ മമാത്തീ ലില്ലാഹി റബ്ബിൽആലമീൻ*** പറയുക, എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും സർവലോകപരിപാലകനായ അല്ലാഹുവിനുള്ളതാകുന്നു.(6:163)

ത്വാഇഫ് ഉപരോധ സമയത്ത് രണ്ട് സംഭവങ്ങളുണ്ടായിട്ടുണ്ട്, അതിൽനിന്ന് വ്യക്തമാകുന്നത് അല്ലാഹുവിൽനിന്ന് ഉപരോധം അവസാനിപ്പിക്കാനുള്ള മാർഗനിർദേശം നബിﷺതിരുമേനിക്ക് ലഭിച്ചിരുന്നുവെന്നതാണ്. ഉടൻ തന്നെ അവിടന്ന് ഉപരോധം അവസാനിപ്പിക്കാൻ പ്രഖ്യാപിക്കുകയും ചെയ്തു. ഈ വിഷയത്തിൽ നബിﷺതിരുമേനിയുടെ ഒരു സ്വപ്നത്തെക്കുറിച്ച് പരാമർശമുണ്ട്. ഇബ്നുഹിശാം രേഖപ്പെടുത്തിയതനുസരിച്ച്, ത്വാഇഫ് ഉപരോധ സമയത്ത് നബിﷺതിരുമേനി ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു: 'അബൂബക്റേ! ഞാൻ ഇന്നൊരു സ്വപ്നം കണ്ടു. വെണ്ണ നിറഞ്ഞ ഒരു പാത്രം എനിക്ക് സമ്മാനമായി ലഭിച്ചു. എന്നാൽ, ഒരു കോഴി കൊക്കുകൊണ്ടു കൊത്തി ആ പാത്രം മറിച്ചിട്ടു.' അബൂബക്ർؓപറഞ്ഞു: 'എന്റെ അഭിപ്രായത്തിൽ ഈ പ്രാവശ്യം താങ്കൾക്ക് ഥഖീഫ് ഗോത്രത്തിൽ നിന്ന് ആഗ്രഹിക്കുന്ന വിജയം ലഭിക്കുകയില്ല. അതായത് ഈ ഉപരോധം നമുക്ക് അനുകൂലമാകുന്നതും പ്രതീക്ഷിച്ച വിജയം ലഭിക്കുന്നതും ബുദ്ധിമുട്ടായിരിക്കുമെന്നാണ്. നബിﷺതിരുമേനി പറഞ്ഞു: 'എന്റെ അഭിപ്രായത്തിലും ഇപ്പോൾ അത് ലഭിക്കുക അസാധ്യമായിരിക്കും.'*(സീറത്ത് ഇബ്നുഹിശാം പേജ് 793, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസുലുല്ലാഹിﷺ, വാല്യം 9, പേജ് 366, ബസം ഇഖ്ബാൽ ലാഹോർ)*

ഇപ്രകാരംതന്നെ, മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ ഭാര്യയായ ഖൗല ബിൻത് ഹക്കീം-അവരുടെ പേര് ഖുവയ്ല എന്നും പറയപ്പെട്ടിട്ടുണ്ട്-നബിﷺതിരുമേനിയുടെ സവിധത്തിൽ ഹാജരായി പറഞ്ഞു: 'അല്ലാഹു അങ്ങയ്ക്ക് ത്വാഇഫിൽ വിജയം നല്കുകയാണെങ്കിൽ, ബാദിയ ബിൻ ഗയ്‌ലാന്റെ അല്ലെങ്കിൽ ഫാരിയ ബിൻത് അഖീലിന്റെ ആഭരണങ്ങൾ എനിക്ക് നല്കിയാലും. കാരണം, ഥഖീഫ് ഗോത്രത്തിൽ ഈ സ്ത്രീകളെപ്പോലെ വിലയേറിയ ആഭരണങ്ങൾ മറ്റാർക്കുമില്ല. നബിﷺതിരുമേനി അവരോടു ചോദിച്ചു: 'ഖൗലാ, ഥഖീഫിനെ കീഴടക്കാൻ എനിക്ക് അനുമതി ലഭിച്ചിട്ടില്ലെങ്കിലോ?' ഹദ്റത്ത് ഖൗല അവിടെനിന്ന് പുറത്തിറങ്ങി. വഴിയിൽവച്ച് ഹദ്റത്ത് ഉമറിനോടു ഇക്കാര്യം പറഞ്ഞു. ഹദ്റത്ത് ഉമർؓ, നബിﷺതിരുമേനിയുടെ അടുത്തു വന്ന് ചോദിച്ചു: 'ഖൗല ഇതെന്താണ് പറയുന്നത്? അങ്ങ് അവളോടു ഇങ്ങനെ പറഞ്ഞിരുന്നുവോ?' അവിടന്ന് പറഞ്ഞു: 'അതെ, ഞാനങ്ങനെ പറഞ്ഞു.' ഹദ്റത്ത് ഉമർؓ ഉടൻ തന്നെ കാര്യം മനസ്സിലാക്കിക്കൊണ്ട് ചോദിച്ചു: 'അങ്ങയ്ക്ക് അവരുടെ കാര്യത്തിൽ അനുമതി ലഭിച്ചിട്ടില്ലേ?' അതായത് വിജയിക്കുന്നതിനും യുദ്ധം തുടരുന്നതിനും.' ഇല്ലെന്ന് അവിടന്ന് മറുപടി പറഞ്ഞു. ഹദ്റത്ത് ഉമർؓ പറഞ്ഞു: 'എന്നാൽ, മടങ്ങിപ്പോകാൻ ഞാൻ ആളുകളോടു പറയട്ടെ?' അവിടന്ന് പറഞ്ഞു: 'പറഞ്ഞുകൊള്ളുക.' അങ്ങനെ അനുമതി ലഭിച്ചുടൻ ഹദ്റത്ത് ഉമർؓഅവിടെനിന്ന് തിരിച്ചുപോകാൻ വിളംബരം ചെയ്തു.*(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 387, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(ഉസുദുൽഗാബ, പേജ് 1509, മക്തബ ദാറു ഇബ്നു ഹസം)*

ഈ തിരിച്ചുപോകാനുള്ള പ്രഖ്യാപനം കേട്ടപ്പോൾ ചിലർ ചോദിച്ചു: 'വിജയം നേടാതെ നമ്മളെന്തിനാണ് മടങ്ങുന്നത്?' ഇത് ചില ആവേശക്കാരായ യുവാക്കളുടെ പ്രതികരണമായിരുന്നെന്ന് മനസ്സിലാക്കാം. അവർ ആദ്യം ഹദ്റത്ത് അബൂബക്റിനെയുംؓ ഹദ്റത്ത് ഉമറിനെയുംؓ സമീപിച്ചു. വിജയം നേടുന്നതുവരെ ഉപരോധം തുടരണമെന്ന് നബിﷺതിരുമേനിയോടു അപേക്ഷിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ, അവർ പറഞ്ഞു: 'നബിﷺതിരുമേനി എടുത്ത തീരുമാനം എന്തുതന്നെയായാലും അതാണ് ശരി.' ഹദ്റത്ത് അബൂബക്റുംؓ ഹദ്റത്ത് ഉമറുംؓ അത് പറയാൻ വിസമ്മതിച്ചു. ഇതോടെ ഈ വികാരത്തിനടിപ്പെട്ട യുവാക്കൾ സ്വയം നബിﷺതിരുമേനിയുടെ അടുത്തു ചെന്ന് വികാരഭരിതരായി പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ യുദ്ധം ചെയ്യുന്നതായിരിക്കും." അവിടന്ന് അവരുടെ ആഗ്രഹം മനസ്സിലാക്കി പറഞ്ഞു: "ശരി, നാളെ രാവിലെ യുദ്ധം ചെയ്തോളൂ." അങ്ങനെ അവർ അടുത്ത ദിവസം യുദ്ധം ചെയ്യാൻ ഇറങ്ങി. എന്നാൽ, അവർക്ക് പരിക്കുകളല്ലാതെ മറ്റൊന്നും ലഭിച്ചില്ല. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'നാളെ നമ്മൾ തിരിച്ചുപോകും, ഇൻശാ അല്ലാഹ്.' യുദ്ധം ചെയ്ത് മുറിവേറ്റു മടങ്ങിയവരും സന്തോഷം പ്രകടിപ്പിച്ചു. അവരുടെ മനോഭാവത്തിലെ ഈ മാറ്റം കണ്ടിട്ട് നബിﷺതിരുമേനി പുഞ്ചിരിച്ചു. *(ശറഹ് സർഖാനീ അലാ മവാഹിബുല്ലദുന്നിയ്യ വാല്യം 4, പേജ് 13-14, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസുലുല്ലാഹിﷺ, വാല്യം 9, പേജ് 367-368, ബസം ഇഖ്ബാൽ ലാഹോർ)*

ഈ യുദ്ധത്തിൽ സത്യനിഷേധികളുടെ മൂന്നുപേരാണ് കൊല്ലപ്പെട്ടത്. കോട്ടയ്ക്കുള്ളിൽ ഒളിച്ചിരുന്നതിനാൽ പരിക്കേറ്റവരെക്കുറിച്ചോ കൊല്ലപ്പെട്ടവരെക്കുറിച്ചോ കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. അതുപോലെ, മുസ്ലിമീങ്ങളിൽ പരിക്കേറ്റവരുടെ എണ്ണവും കൃത്യമായി അറിയില്ല. എന്നാൽ, ചിലർക്ക് പരിക്കേറ്റതിനെക്കുറിച്ച് വിവരങ്ങളുണ്ട്. അന്യാരാധകരുടെ അമ്പേറിൽ പരിക്കേറ്റവരിൽ ഒരാൾ ഹദ്റത്ത് അബൂസുഫിയാൻ ബിൻ ഹർബായിരുന്നു. ഒരു അമ്പ് അദ്ദേഹത്തിന്റെ കണ്ണിൽ കൊണ്ടു, അത് പുറത്ത് തള്ളിവന്നു. അദ്ദേഹം തന്റെ കണ്ണ് കൈയിലെടുത്ത് നബിﷺതിരുമേനിയുടെ അടുത്തു വന്ന് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, എന്റെ ഈ കണ്ണ് അല്ലാഹുവിന്റെ മാർഗത്തിൽ നഷ്ടമായിരിക്കുന്നു." നബിﷺതിരുമേനി പറഞ്ഞു: "താങ്കൾക്കുവേണ്ടി ഞാൻ പ്രാർഥിക്കാം. അപ്പോൾ കണ്ണ് അതിന്റെ സ്ഥാനത്ത് തിരികെ വരും. അല്ലെങ്കിൽ താങ്കൾക്ക് സ്വർഗം ലഭിക്കും." മറ്റൊരു നിവേദനത്തിലെ വാക്കുകൾ ഇപ്രകാരമാണ്. 'ഐൻ അഥവാ കണ്ണ് വേണ്ടെങ്കിൽ താങ്കൾക്ക് ഐൻ അഥവാ സ്വർഗത്തിലെ നീരുറവ ലഭിക്കും. അറബിയിൽ 'ഐൻ' എന്നതിന് കണ്ണ് എന്നും ഉറവ എന്നും അർഥമുണ്ട്. അബൂസുഫിയാൻ പറഞ്ഞു: 'എനിക്ക് സ്വർഗം തന്നെയാണ് പ്രിയങ്കരം.' ഇതു പറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ കണ്ണ് വലിച്ചെറിഞ്ഞു. മക്കാവിജയംവരെ ഇസ്‌ലാമിന്റെ വലിയ ശത്രുവായിരുന്ന അതേ അബൂസുഫിയാനാണിത്. അദ്ദേഹം ഉഹുദ് യുദ്ധത്തിൽ സത്യനിഷേധികളുടെ സൈന്യാധിപനുമായിരുന്നു. ഇപ്പോൾ ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ത്യാഗങ്ങൾ ചെയ്യുന്നതിൽ മുൻപന്തിയിലായിരുന്നു. വിചിത്രമായൊരു കാര്യം, അദ്ദേഹത്തിന്റെ രണ്ടാമത്തെ കണ്ണ് യർമൂക്ക് യുദ്ധത്തിൽ നഷ്ടപ്പെട്ടു എന്നതാണ്."*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 373, ബസം ഇഖ്ബാൽ ലാഹോർ)(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 3, പേജ് 164, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)(മുൻജിദ് മുത്തർറജിം പേജ് 596, ഐൻ എന്ന പദം, മക്തബ അൽഖുദ്സിയ)*

ഇപ്രകാരംതന്നെ മറ്റൊരു സ്വഹാബിയെക്കുറിച്ചും പരാമർശം ലഭിക്കുന്നുണ്ട്. ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെؓ മകനായ അബ്ദുല്ലായുടെ മുറിവ് ദീർഘകാലം നിലനിന്നു, അത് ജീവന് ഭീഷണിയായി. ഒടുവിൽ, ഹദ്റത്ത് അബൂബക്ർ ؓന്റെ ഖിലാഫത്ത് കാലത്ത് ആ മുറിവ് കാരണം അദ്ദേഹം മരണപ്പെട്ടു.*(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 3, പേജ് 169, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ഹി: 1423)*

ഈ യുദ്ധത്തിൽ പന്ത്രണ്ട് സ്വഹാബിമാർ രക്തസാക്ഷികളായി. അവരുടെ പേരുകൾ ഇപ്രകാരമാണ്: ഹദ്റത്ത് സഈദ് ബിൻ സഈദ് ബിൻ ആസ്, ഹദ്റത്ത് ഉർഫത്വഹ് ബിൻ ജന്നാബ്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബി ഉമയ്യ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ, ഹദ്റത്ത് സാഇബ് ബിൻ ഹാരിഥ്, അദ്ദേഹത്തിന്റെ സഹോദരൻ അബ്ദുല്ലാഹ് ബിൻ ഹാരിഥ്, ഹദ്റത്ത് ജുലയ്ഹ ബിൻ അബ്ദുല്ലാഹ്, ഹദ്റത്ത് ഥാബിത് ബിൻ ജസഅ്, ഹദ്റത്ത് ഹാരിഥ് ബിൻ സഹ്ൽ, ഹദ്റത്ത് മുൻദിർ ബിൻ അബ്ദുല്ലാഹ്, ഹദ്റത്ത് റുഖയിം ബിൻ ഥാബിത്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂബക്ർ. ഇദ്ദേഹം പിന്നീട് വഫാത്തായി.*(സീറത്ത് ഇബ്നുഹിശാം പേജ് 794-795, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

ഈ യുദ്ധത്തിൽ നബിﷺതിരുമേനിയോടൊപ്പം അവിടത്തെ രണ്ട് ധർമപത്നിമാരായ ഹദ്റത്ത് ഉമ്മുസലമയും ഹദ്റത്ത് സയ്നബും ഉണ്ടായിരുന്നു. അവർക്കുവേണ്ടി രണ്ട് കൂടാരവും സ്ഥാപിച്ചിരുന്നു. ഉപരോധ സമയത്ത് നബിﷺതിരുമേനി ഈ രണ്ട് കൂടാരങ്ങൾക്കിടയിൽ നമസ്കരിച്ചിരുന്നു. *(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 2, പേജ് 120, ഗസ്വത്തുർറസൂൽﷺ അത്ത്വാഇഫ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)*

നബിﷺതിരുമേനി എത്ര ദിവസമാണ് ത്വാഇഫിനെ ഉപരോധിച്ചതെന്നതിനെക്കുറിച്ച് പല നിവേദനങ്ങളും കാണാം. ചിലർ പത്ത് ദിവസത്തിൽ കൂടുതലെന്ന് പറയുന്നു. ഇബ്ൻ ഹിശാം പറയുന്നത്, പതിനേഴ് രാത്രികളായിരുന്നുവെന്നും പറയപ്പെടുന്നു. ഇരുപത് ദിവസമായിരുന്നുവെന്നും പറയപ്പെടുന്നു. ഇരുപതിൽ കൂടുതൽ രാത്രികളായിരുന്നുവെന്നും ചിലർ പറയുന്നു. ഒരു നിവേദനത്തിൽ, നബിﷺതിരുമേനി ത്വാഇഫുകാരെ ഏകദേശം മുപ്പതോളം രാത്രികൾ ഉപരോധിച്ചുവെന്ന് കാണാം. സ്വഹീഹ് മുസ്‌ലിമിൽ ഹദ്റത്ത് അനസിൽനിന്ന് ഒരു നിവേദനമുണ്ട്, നമ്മൾ നാൽപ്പത് രാത്രികളോളം അവരെ ഉപരോധിച്ചുവെന്ന്. *(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നിഹിശാം പേജ് 792, ദിക്റു ഗസ്വത്തുത്ത്വാഇഫു ബഅ്ദു ഹുനയ്ൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 388, ഫീ ഗസ്വത്തിത്ത്വാഇഫി ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(സ്വഹീഹ് മുസ്‌ലിം കിതാബുസ്സക്കാത്ത് ഹദീഥ് 2442)*

എന്തായാലും, മടങ്ങാനുള്ള സമയം വന്നപ്പോൾ നബിﷺതിരുമേനി ഇങ്ങനെ ചൊല്ലാൻ പറഞ്ഞു: ***ആഇബൂന താഇബൂന ആബിദൂന ലിറബ്ബിനാ ഹാമിദൂൻ.*** അതായത് ഞങ്ങൾ മടങ്ങുന്നു, പശ്ചാത്തപിക്കുന്നു, ആരാധിക്കുന്നു. ഞങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നു. നബിﷺതിരുമേനിയോടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ബനു ഥഖീഫിനെതിരെ ശാപപ്രാർഥന നടത്തിയാലും.'

നബിﷺതിരുമേനിയുടെ ഹൃദയവിശാലതയുടെയും കാരുണ്യത്തിന്റെയും നിലവാരം ഇവിടെ ശ്രദ്ധേയമാണ്. പ്രത്യക്ഷത്തിൽ ലക്ഷ്യം നേടാതെ മടങ്ങുകയായിരുന്നെങ്കിലും നബിﷺതിരുമേനി അവർക്കെതിരെ ബദ്ദുആ ചെയ്യുന്നതിനു പകരം ഇങ്ങനെ പ്രാർഥിച്ചു: ***"അല്ലാഹുമ്മഹ്ദി ഥഖീഫൻ വഅ്തി ബിഹിം മുസ്‌ലിമീൻ"*** അതായത് അല്ലാഹുവേ, ഥഖീഫ് ഗോത്രത്തിന് ഹിദായത്ത് നല്കി അവരെ മുസ്‌ലിമീങ്ങളാക്കി കൊണ്ടുവരേണമേ.

അതിനുശേഷം അവിടെനിന്ന് മടങ്ങാൻ കുതിരയിൽ കയറിയപ്പോൾ അവിടന്ന് ഇപ്രകാരം പ്രാർഥിച്ചു: 'അല്ലാഹുമ്മഹ്ദിഹിം വഅക്ഫിനാ മുഅ്നതഹും.' അതായത് അല്ലാഹുവേ, അവർക്ക് ഹിദായത്ത് നല്കുകയും അവരുടെ സപ്ലൈയ്ക്കും റേഷനുമെതിരിൽ ഞങ്ങൾക്ക് നീ മതിയാകുകയും ചെയ്യേണമേ. കാരണം, നബിﷺതിരുമേനിയുടെ യഥാർഥ ലക്ഷ്യം വഴിതെറ്റിപ്പോയ ഈ ആളുകൾ തങ്ങളുടെ സ്രഷ്ടാവിലേക്ക് മടങ്ങിയെത്തുക എന്നതായിരുന്നു. അങ്ങനെ, അല്ലാഹു നബിﷺതിരുമേനിയുടെ ഈ പ്രാർഥന സ്വീകരിച്ചതിന്റെ ഫലമായി ഒരു വർഷം തികയുന്നതിനുമുമ്പേ ഹിജ്റ 9-ൽ റമളാൻ മാസത്തിൽ ത്വാഇഫുകാർ മുഴുവനും ഇസ്‌ലാം സ്വീകരിച്ചു. *(ശറഹ് സർഖാനീ അലാ മവാഹിബുല്ലദുന്നിയ, വാല്യം 4, പേജ് 15-18 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദുംؓ ഈ വിഷയത്തെക്കുറിച്ച് ഒരു സ്ഥലത്ത് ഇങ്ങനെ വിവരിക്കുന്നുണ്ട്: "നബിﷺതിരുമേനി ത്വാഇഫിലേക്ക് അതായത് കല്ലെറിഞ്ഞ് ആ മഹാത്മാവിനെ പുറത്താക്കിയ അതേ നഗരത്തിലേക്കുതന്നെ യാത്രയായി. കുറച്ചു കാലം അവിടന്ന് ആ നഗരം ഉപരോധിച്ചു. എന്നാൽ, ചിലയാളുകൾ ഉപദേശം നല്കിയപ്പോൾ, ഇനി സമയം കളയേണ്ടതില്ല, ഇപ്പോൾ അറബികളിൽ ഈ ഒരു നഗരം എന്ത് ചെയ്യാൻ പോകുന്നു, ഉപരോധം ഉപേക്ഷിച്ച് തിരിച്ചുപോരുക എന്ന് അവിടന്ന് തീരുമാനിച്ചു. അങ്ങനെ കുറച്ചു കാലത്തിനു ശേഷം ത്വാഇഫിലെ ആളുകളും മുസ്‌ലിമീങ്ങളായി. *(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാല്യം 20, പേജ് 357)*

ഹുനയ്ൻ യുദ്ധമുതലുകൾ ഭാഗിച്ചതിനെക്കുറിച്ചും പരാമർശമുണ്ട്. ദുൽഖഅ്ദ് മാസം 5-ന് നബിﷺതിരുമേനി ത്വാഇഫിൽനിന്ന് ജിഅ്റാനയിലേക്ക് വന്നു. അവിടെ തടവുകാരും യുദ്ധമുതലുകളും സൂക്ഷിച്ചിരുന്നു. നബിﷺതിരുമേനിയുടെ നിർദേശപ്രകാരം ഈ തടവുകാരോടു നല്ല രീതിയിൽ പെരുമാറിയിരുന്നു. തണുപ്പിൽ നിന്നും ചൂടിൽ നിന്നും സംരക്ഷിക്കാൻ അവർക്ക് താൽക്കാലിക താമസസ്ഥലങ്ങൾവരെ നിർമിച്ചിരുന്നു.*(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 640, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(ഗസ്വത്തു ഹുനയ്ൻ, ബാശമീൽപേജ് 265, നഫീസ് അക്കാഡമി)*

യുദ്ധമുതലുകളുടെ വിവരങ്ങൾ ഇപ്രകാരമായിരുന്നു:'6000 അടിമകളും അടിമസ്ത്രീകളുമുണ്ടായിരുന്നു. അവർക്ക് താമസസൗകര്യമൊരുക്കി. ചില നിവേദനങ്ങളിൽ ഇത് 8000 എന്നും പറയുന്നുണ്ട്. ഇന്നത്തെ യുദ്ധങ്ങളെപ്പോലെയല്ല, ഇന്നത്തെ യുദ്ധങ്ങളിൽ ശത്രുക്കളുടെ വീടുകൾ തകർക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു; ഇസ്രായേലിൽ ഇപ്പോൾ നടക്കുന്നതുപോലെ. പ്രത്യുത നബിﷺതിരുമേനി അവർക്ക് താമസസ്ഥലങ്ങൾ നിർമിക്കുകയുണ്ടായി. 24,000 ഒട്ടകങ്ങൾ യുദ്ധമുതലുകളിലുണ്ടായിരുന്നു. 40,000-ൽ അധികം ആടുകളും കോലാടുകളുമുണ്ടായിരുന്നു. 4000 ഔഖിയ-ഇത് ഏകദേശം 490 കിലോഗ്രാം വരും- വെള്ളിയുണ്ടായിരുന്നു. ഇതിനുമുമ്പേ മുസ്‌ലിമീങ്ങൾക്ക് ഇത്രയധികം യുദ്ധമുതലുകൾ ലഭിച്ചിട്ടില്ലായിരുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിലും നബിﷺതിരുമേനി തന്റെ സ്വഹാബാക്കളുടെ ശിക്ഷണകാര്യത്തിൽ ശ്രദ്ധപതിപ്പിച്ചിരുന്നു. യുദ്ധമുതൽ ഭാഗിക്കുന്നതിനു മുമ്പേ അവിടന്ന് വിളംബരം ചെയ്തു: ഈ മുതലിൽനിന്ന് ഖുമുസ് (അഞ്ചിലൊന്ന്) അല്ലാതെ എനിക്കൊരു അവകാശവുമില്ല. ആ ഖുമുസും അവസാനം നിങ്ങൾക്കിടയിൽത്തന്നെ മടങ്ങി

• ഹദീഥുന്നബ്‌വിﷺ •

"അസ്സ്വബ്റു രിളൻ."
വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വിﷺ •

"അൽമത്വ്ഊനു ശഹീദുൻ."
പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

യെത്തുന്നതായിരിക്കും.

അതിനുശേഷം നബിﷺതിരുമേനി പറഞ്ഞു:"ഒരു സൂചി, അല്ലെങ്കിൽ അതിന്റെ നൂല്, അല്ലെങ്കിൽ അതിനെക്കാൾ ചെറിയ ഏതു വസ്തുവാണെങ്കിലും ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അത് തിരികെ നല്കുക. വഞ്ചനയിൽനിന്ന് അകന്നുനിൽക്കുക. കാരണം ഖിയാമത്തുന്നാളിൽ അത് വഞ്ചിക്കുന്നവർക്ക് നാണക്കേടും അപമാനവുമുണ്ടാകുന്നതിന് നിമിത്തമാകും. ഈ പ്രഖ്യാപനം കേട്ട് ഒരു സ്വഹാബി ഒട്ടകത്തിന്റെ രോമംകൊണ്ടുണ്ടാക്കിയ ഒരുകെട്ട് കയർ നബിﷺതിരുമേനിയുടെ അടുത്ത് കൊണ്ടുവന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എന്റെ പൊട്ടിയ ജീൻ തുന്നാൻ ഞാൻ ഈ നൂൽ യുദ്ധമുതലിൽ നിന്നെടുത്തിരുന്നു.' മറ്റൊരു സ്വഹാബി ഒരു സൂചി എടുത്ത് തന്റെ ഭാര്യക്ക് നല്കിയിരുന്നു. ഈ പ്രഖ്യാപനം കേട്ട് അദ്ദേഹം ഉടൻതന്നെ ഭാര്യയുടെ അടുത്തുപോയി ആ സൂചി തിരികെ വാങ്ങി യുദ്ധമുതലുകളുടെ കൂട്ടത്തിൽ വച്ചു. യുദ്ധമുതൽ ഭാഗിക്കാൻ തുടങ്ങിയപ്പോൾ, അവിടന്ന് താലീഫുൽ ഖുലൂബ് (സൗഹൃദത്തിനായി ജനമനസ്സുകളെ ഇണക്കുക) എന്ന തത്ത്വത്തിൽ തുടങ്ങി. അവിടന്ന് ആദ്യം അറബികളിലെ പ്രധാനികൾക്കാണ് നല്കിയത്. അവർ തങ്ങളുടെ ഗോത്രങ്ങളിൽ ഉന്നത സ്ഥാനീയരായിരുന്നു. നബിﷺതിരുമേനി അവരുമായി സുഹൃദ്ബന്ധം സ്ഥാപിക്കാൻ സമ്മാനങ്ങൾ നല്കി. ചിലർക്ക് 100 ഒട്ടകവും, ചിലർക്ക് 50 ഒട്ടകവും നല്കി. വെള്ളിയും അടിമകളും ഇതിന് പുറമെയായിരുന്നു.

ഒരു ചരിത്ര ഗ്രന്ഥത്തിൽ ഹദ്റത്ത് അബൂസുഫിയാൻ ബിൻ ഹർബിന് 100 ഒട്ടകം നല്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. നബിﷺതിരുമേനിയുടെ അടുത്ത് അബൂസുഫിയാൻ വന്നപ്പോൾ, വെള്ളിയുടെ കൂമ്പാരം കണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അവിടന്ന് ഖുറയ്ശികളിൽ ഏറ്റവും വലിയ സമ്പന്നനായിരിക്കുന്നു.' നബിﷺതിരുമേനി ചിരിച്ചു, അബൂസുഫിയാന് 40 ഔഖിയ വെള്ളിയും 100 ഒട്ടകവും നല്കാൻ നിർദേശിച്ചു. അബൂസുഫിയാൻ പറഞ്ഞു: എന്റെ മകൻ യസീദിനും നല്കണം. അവിടന്ന് അവനും 40 ഔഖിയ വെള്ളിയും 100 ഒട്ടകവും നല്കാൻ ഉത്തരവിട്ടു. ഈ യസീദ് അബൂസുഫിയാന്റെ മകനായിരുന്നു. സാധാരണയായി ചരിത്രത്തിൽ പരാമർശിക്കുന്ന ദുഷ്പ്പേരുള്ള യസീദ്, അബൂസുഫിയാന്റെ പേരക്കുട്ടിയായിരുന്നു. അതായത് ഹദ്റത്ത് മുആവിയയുടെ മകൻ. അബൂസുഫിയാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എന്റെ മറ്റൊരു മകനായ മുആവിയക്കും നല്കണം. അവിടന്ന് അവനും 40 ഔഖിയ വെള്ളിയും 100 ഒട്ടകവും നല്കാൻ നിർദേശിച്ചു. ഇതുകേട്ട് അബൂസുഫിയാൻ പറഞ്ഞു: 'എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്. അവിടന്ന് വളരെ ഉദാരനാണ്. ഞാൻ അങ്ങയോട് യുദ്ധം ചെയ്തിട്ടുണ്ട്, അങ്ങ് എത്ര നല്ല പോരാളിയാണ്. പിന്നീട് ഞാൻ അങ്ങയോട് രഞ്ജിപ്പിലായി. അങ്ങ് എത്ര നല്ല സമാധാനകാംക്ഷിയാണ്. അല്ലാഹു അങ്ങയ്ക്ക് നല്ല പ്രതിഫലം നല്കുമാറാകട്ടെ.*(ശറഹ് സർഖാനീ വാള്യം 4, പേജ് 18-19,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996) (സുബുലുൽഹുദാ വർറശാദ് വാള്യം 5, പേജ് 396, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസുലുല്ലാഹിﷺ, വാള്യം 9, പേജ് 289, ബസം ഇഖ്ബാൽ ലാഹോർ)(ഗസ്‌വത്തു ഹുനയ്ൻ, ബാശമീൽ പേജ് 217, 273-274, നഫീസ് അക്കാഡമി)*

മക്കയിലെ ആദരണീയരിലും മാന്യന്മാരിലുംപെട്ട ഒരാളായിരുന്ന ഹക്കീം ബിൻ ഹിസാമും നബിﷺതിരുമേനിയുടെ ഔദാര്യം നേടിയ ആളാണ്. മക്കാവിജയ സമയത്ത് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. ഹക്കീം ബിൻ ഹിസാമിന്റെ വീട്ടിൽ പ്രവേശിക്കുന്നവർക്ക് അഭയം നല്കുമെന്ന് നബിﷺതിരുമേനി പ്രഖ്യാപിച്ചിരുന്നു. അദ്ദേഹം ഹദ്റത്ത് ഖദീജയുടെ സഹോദരന്റെ മകനായിരുന്നു. അവിടന്ന് അദ്ദേഹത്തിന് 100 ഒട്ടകം നല്കി. ഹക്കീം പറയുന്നു: ഞാൻ നൂറ് ഒട്ടകം കൂടി ചോദിച്ചു, അവിടന്ന് എനിക്ക് അതും നല്കി. ഞാൻ വീണ്ടും നൂറ് ഒട്ടകം കൂടി ചോദിച്ചു. അവിടന്ന് എനിക്ക് അതും നല്കി. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'ഹക്കീമേ! ഈ സമ്പത്ത് നല്ലതും മധുരതരവുമാണ്. ആരെങ്കിലും അത് അത്യാഗ്രഹമില്ലാതെ സ്വീകരിക്കുകയാണെങ്കിൽ അതിൽ ബർക്കത്തുണ്ടാകും. എന്നാൽ, അത് അതിമോഹത്തോടും അത്യാർത്തിയോടുംകൂടി സ്വീകരിക്കുകയാണെങ്കിൽ അതിൽ ബർക്കത്തുണ്ടാകുകയില്ല. അവനെത്ര കഴിച്ചാലും മതിവരാത്ത ഒരുവനെപ്പോലെയാണ്. മുകളിലുള്ള കൈ (ദാനം ചെയ്യുന്ന കൈ) താഴെയുള്ള കൈയെക്കാൾ (വാങ്ങുന്ന കൈയെക്കാൾ) ഉത്തമമാണ്.'

നബിﷺതിരുമേനിയുടെ ഉപദേശം എത്രത്തോളം അദ്ദേഹത്തിൽ സ്വാധീനം ചെലുത്തിയെന്നാൽ അദ്ദേഹം ഉടൻതന്നെ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങയെ സത്യവുമായി അയച്ച അല്ലാഹുവാണെ സത്യം! ഇന്നുമുതൽ മരണംവരെ ഞാൻ ആരോടും ഒന്നും ചോദിക്കുകയില്ല.' ചില നിവേദനങ്ങളിൽ, അദ്ദേഹം ചോദിച്ച ആ ഇരുന്നൂറ് ഒട്ടകവും തിരികെ നല്കിയതായി കാണാം. അതിനുശേഷം തന്റെ വാക്ക് ജീവിതകാലം മുഴുവൻ പാലിച്ചു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്رض തന്റെ ഖിലാഫത്ത് കാലത്ത് എന്തെങ്കിലും ധനം നല്കിയപ്പോൾപോലും അദ്ദേഹം അത് സ്വീകരിക്കാൻ വിസമ്മതിച്ചു. പിന്നീട് ഹദ്റത്ത് ഉമർرض അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്ത് സമ്പത്ത് നല്കാൻ വിളിച്ചപ്പോഴും അദ്ദേഹം അത് നിരസിച്ചു. ഇസ്‌ലാമിക വിജയങ്ങളുടെ ഫലമായി ധാരാളം ധനം ലഭിക്കുമ്പോൾ ഖലീഫമാർ സ്വഹാബാക്കൾക്ക് സമ്മാനങ്ങൾ നല്കുമായിരുന്നു. പക്ഷേ, ഹദ്റത്ത് ഹക്കീം ബിൻ ഹിസാം അത് സ്വീകരിക്കാൻ വിസമ്മതിച്ചു. ഇത് കണ്ടിട്ട് ഹദ്റത്ത് ഉമർ അവിടെ ഉണ്ടായിരുന്ന എല്ലാവരോടും പറഞ്ഞു: 'ജനങ്ങളേ, നിങ്ങൾ സാക്ഷികളായിരിക്കുക, ഞാൻ ഇദ്ദേഹത്തിന് ഇദ്ദേഹത്തിന്റെ അവകാശം നല്കി. എന്നാൽ, ഇദ്ദേഹം അത് സ്വീകരിക്കാൻ വിസമ്മതിച്ചു.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 9, പേജ് 303-304, ബസം ഇഖ്ബാൽ ലാഹോർ)(അസ്സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 170 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2002)(ഉസാബ വാള്യം 2, പേജ് 97, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1995)*

നബിﷺതിരുമേനിയുടെ ദാനത്തിൽനിന്നും സമ്മാനത്തിൽനിന്നും ധന്യരായവരിൽ മക്കയിലെ ഒരു നേതാവായ സ്വഫ്‌വാൻ ബിൻ ഉമയ്യയുമുണ്ടായിരുന്നു. ഹുനയ്ൻ യുദ്ധത്തിനുവേണ്ടി അദ്ദേഹത്തിൽ നിന്നായിരുന്നു നബിﷺതിരുമേനി പടച്ചട്ടകളും ആയുധങ്ങളും പണയത്തിന് വാങ്ങിയിരുന്നത്. അദ്ദേഹം മുശ്രിക്കായിരുന്ന അവസ്ഥയിൽ തന്നെ ഹുനയ്ൻ യുദ്ധത്തിൽ പങ്കെടുത്തു.*(ഗസ്‌വത്തു ഹുനയ്ൻ, ബാശമീൽ പേജ് 273, നഫീസ് അക്കാഡമി)(സുബുലുൽഹുദാ വർറശാദ് വാള്യം 5, പേജ് 316, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദുറസൂല്ലാഹിﷺവാള്യം 9, പേജ് 236, ബസം ഇഖ്ബാൽ ലാഹോർ)*

'മുഹമ്മദിനെ വധിക്കാൻ അവസരം ലഭിച്ചാൽ, അല്ലെങ്കിൽ ശത്രുക്കൾ മുഹമ്മദിന്റെ സൈന്യത്തെ തോൽപ്പിച്ചാൽ എത്രനന്നായേനേ. എന്നാൽ, ഈ യുദ്ധത്തിൽ വെച്ചുതന്നെ അദ്ദേഹത്തിന്റെ മനസ്സ് മാറാൻ തുടങ്ങി. യുദ്ധമുതൽ ഭാ


• ഹദീഥുന്നബ്‌വിﷺ •

"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."
അനന്തരാവകാശികൾക്കുവേണ്ടി
വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"ലാ തഉദ് ഫീ സ്വദഖത്തിക്ക."
നല്കിയ ധനം തിരിച്ചു വാങ്ങരുത്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ഗിക്കാൻ തുടങ്ങിയപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തിന് 100 ഒട്ടകം നല്കി. സ്വഹീഹ് മുസ്‌ലിമിന്റെ നിവേദനത്തിൽ, 300 ഒട്ടകം നല്കിയതായി കാണാം. മറ്റൊരു നിവേദനത്തിൽ, ആ ദിവസങ്ങളിൽ നബിﷺതിരുമേനി ഒരു താഴ്‌വരയിലൂടെ കടന്നുപോയെന്നും അവിടം യുദ്ധമുതലായി ലഭിച്ച ഒട്ടകങ്ങളേയും ആടുകളേയും കൊണ്ട് നിറഞ്ഞിരുന്നുവെന്നും കാണാം. സ്വഫ്‌വാൻ ഇത്രയധികം സമ്പത്തുകണ്ട് അത്ഭുതപരതന്ത്രനായി നോക്കിനിന്നു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: ‘അബൂ വഹബേ!(ഇത് സ്വഫ്‌വാന്റെ വിളിപ്പേരായിരുന്നു) ഈ താഴ്‌വര നിന്നെ അത്ഭുതപ്പെടുത്തിയോ?’ അദ്ദേഹം അതെ എന്ന് മറുപടി പറഞ്ഞു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: ‘ഈ സമ്പത്തു മുഴുവൻ നിനക്കുള്ളതാണ്, നീ എടുത്തുകൊള്ളുക.’ ഇതുകേട്ട് സ്വഫ്‌വാൻ അനിയന്ത്രിതമായി പറഞ്ഞു: ‘ഞാൻ സാക്ഷ്യം വഹിക്കുന്നു, അങ്ങ് അല്ലാഹുവിന്റെ നബിയാണ്. കാരണം, ഇങ്ങനെയൊരു ഔദാര്യം ഒരു നബിക്കുമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളു.’ മറ്റൊരു നിവേദനത്തിൽ, സ്വഫ്‌വാൻ ബിൻ ഉമയ്യതന്നെ പറയുന്നു: ‘നബിﷺതിരുമേനി ഹുനയ്ൻ യുദ്ധമുതലുകളിൽനിന്ന് എനിക്ക് തുടർന്നും നൽകിക്കൊണ്ടിരുന്നു. അതിന്റെ ഫലമായി മുമ്പേ, നബിﷺതിരുമേനി എനിക്ക് ഈ ലോകത്തിലെ എല്ലാ മനുഷ്യരേക്കാളും വെറുക്കപ്പെട്ട വ്യക്തിയായിരുന്നെങ്കിൽ, ഇപ്പോൾ നബിﷺതിരുമേനി എനിക്ക് ലോകത്തിലെ എല്ലാ മനുഷ്യരേക്കാളും പ്രിയപ്പെട്ടവനായി മാറി. ചുരുക്കത്തിൽ, നബിﷺതിരുമേനി വിവിധ അറബ് നേതാക്കൾക്ക് സമ്മാനങ്ങൾ നല്കിക്കൊണ്ടിരുന്നു. അവരുടെ എണ്ണം അമ്പതിൽ കൂടുതലായിരുന്നുവെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു.*(സ്വഹീഹ് മുസ്‌ലിം കിതാബുൽഫളാഇൽ, നിവേദനം 2313)(ശറഹ് സർഖാനീ അലാ മവാഹിബുല്ലദുന്നിയ്യ വാല്യം 4, പേജ് 21, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 396, ദാറുൽകുതുബുൽ ഇൽമിയ്യ 1993)*

അതിനുശേഷം, നബിﷺതിരുമേനി ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തിനോട് ബാക്കിയുള്ളവരെ യെല്ലാം വിളിക്കാൻ പറഞ്ഞു. അവർക്കിടയിൽ യുദ്ധമുതൽ വീതിച്ചു. ഓരോരുത്തർക്കും നാല് ഒട്ടകമോ നാൽപ്പത് ആടോ കിട്ടി. അങ്ങനെ നബിﷺതിരുമേനി ആ സമരാർജിത സ്വത്ത്-ഇതുവരെ കിട്ടിയിട്ടുള്ളതിൽ ഏറ്റവും വലുതായിരുന്നു അത്-മുഴുവനും വീതിച്ചുകൊടുത്തു.*(ശറഹ്സർഖാനീ അലാ മവാഹിബുല്ലദുന്നിയ്യ വാല്യം 4, പേജ് 27, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)(ഗസ്‌വത്തു ഹുനയ്ൻ, ബാശമീൽ, പേജ് 270, നഫീസ് അക്കാഡമി)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസുലുല്ലാഹിﷺ, വാല്യം 9, പേജ് 289, 323 ബസം ഇഖ്ബാൽ ലാഹോർ)*

നബിﷺതിരുമേനിയുടെ ജീവചരിത്രത്തിലെ ഈ വശം ചിന്താർഹമാണ്. കാരണം എതിരാളികൾ ആ മഹാത്മാവിനേയും ആ മഹാത്മാവ് ചെയ്ത യുദ്ധങ്ങളേയും കുറിച്ച്, ‘മുസ്‌ലിമീങ്ങൾ പരമദരിദ്രരും ധനമോ സ്വത്തോ ഇല്ലാത്തവരുമായിരുന്നതുകൊണ്ടാണ് യുദ്ധങ്ങൾ തുടങ്ങിയതെന്ന് ആരോപിക്കാറുണ്ട്. ഈ ആരോപണത്തിൽ തരിമ്പെങ്കിലും സത്യമുണ്ടായിരുന്നെങ്കിൽ, ഹുനയ്ൻ യുദ്ധമുതലുകൾ മറ്റൊരു രീതിയിൽ ഭാഗിക്കുമായിരുന്നു. എന്നാൽ, ഇവിടെ നമ്മൾ കാണുന്നത്, യുദ്ധമുതലുകളുടെ വലിയൊരു ഭാഗം താലീഫുൽ ഖുലൂബിനു(ജനമനസ്സുകളെ ഇണക്കാൻ)വേണ്ടി അമുസ്‌ലിമീങ്ങൾക്ക് നല്കി എന്നതാണ്. *(സീറത്തുന്നബിﷺ, ശിബ്‌ലീ നുഅ്മാനി, ഭാഗം 1, പേജ് 396, ഭാഗം 4, പേജ് 247, മക്തബ ഇസ്‌ലാമിയ്യ 2012)*

ഖുറയ്ശികളിലെ പ്രമാണിമാർക്കാണ് ഇത് നല്കപ്പെട്ടത്. എന്നല്ല ചില നിവേദനങ്ങളിൽ, മുഴുവൻ സമ്പത്തും മറ്റുള്ളവർക്കിടയിൽ ഭാഗിച്ചതായും കാണാം. അതിന്റെ പിറകിലെ ചേതോവികാരങ്ങൾ എന്തായിരുന്നാലും, നബിﷺതിരുമേനി തനിക്കുവേണ്ടി ഒന്നും നീക്കിവെച്ചില്ലെന്നത് ലോകം കണ്ടതാണ്. എന്നല്ല ചില നിവേദനങ്ങളനുസരിച്ച്-ഇതിന്റെ വിശദീകരണം തുടർന്ന് വരുന്നതായിരിക്കും-തന്റെ അർപ്പണബോധമുള്ളവരും വിശ്വസ്തരുമായ അനുയായികളായ അൻസ്വാറിനുപോലും അവിടന്ന് ഈ യുദ്ധമുതലിൽനിന്ന് ഒന്നും നല്കിയില്ല. ഖുറയ്ശികൾക്ക് സമ്പത്ത് നല്കിയതിന്റെ പിന്നിലെ യുക്തി നബിﷺതിരുമേനി ഇങ്ങനെ വിശദീകരിച്ചു: ***“ഇന്നീ ഉഅ്ത്വീ ഖുറയ്ശൻ അതഅല്ലഫുഹും ലിഅന്നഹും ഹദീഥു അഹ്ദിൻ ബിജാഹിലിയ്യത്തി.*** അതായത്, ഞാൻ ഖുറയ്ശികൾക്ക് കൊടുത്തുകൊണ്ട് അവരുടെ ഹൃദയങ്ങളെ ഇണക്കുകയാണ്, കാരണം അവർ ജാഹിലിയ്യത്തിൽനിന്ന് വേർപിരിഞ്ഞിട്ട് അധികകാലമായിട്ടില്ല. അവരുടെ ഈമാൻ അത്ര സുദൃഢമല്ല.*(സ്വഹീഹ് ബുഖാരി, കിതാബു ഫർളുൽഖുമുസി, ബാബു മാകാനന്നബിയ്യു യുഅ്ത്വിൽമുഅല്ലഫത്ത ഖുലൂബഹും...ഹദീഥ് 3146)*

ബുഖാരിയിലെ മറ്റൊരു നിവേദനത്തിൽ നബിﷺതിരുമേനി പറഞ്ഞു: ഇന്ന ഖുറയ്ശൻ ഹദീഥു അഹദിൻ ലിജാഹിലിയ്യത്തിൻ വമുസ്വീബത്തിൻ, വ ഇന്നീ അർദത്തു അൻ അജ്ബുറഹും വ അതഅല്ലഫഹും.(സ്വഹീഹുൽ ബുഖാരി കിതാബുൽമഗാസി, ബാബു ഗസ്‌വത്തുത്വാഇഫി 4334) അതായത്, ഖുറയ്ശികളുടെ അവിശ്വാസത്തിന്റെയും നാശത്തിന്റെയും നഷ്ടത്തിന്റെയും കാലം അടുത്തിടെ കഴിഞ്ഞതേയുള്ളൂ. എന്റെ ലക്ഷ്യം അവരുടെ നഷ്ടം നികത്തുകയും അവരെ സമാശ്വസിപ്പിക്കുകയുമാണ്. ഈ യുക്തിഭദ്രമായ വിഭജനത്തിന്റെയും ഔദാര്യത്തിന്റെയും ഫലമായി, മുമ്പേ അവിടത്തെ രക്തത്തിനായി ദാഹിച്ചിരുന്നവർക്ക് ലോകത്തിലെ എല്ലാ മനുഷ്യരേക്കാളും ശ്രേഷ്ഠനും പ്രിയങ്കരനുമായി നബിﷺ തിരുമേനി മാറി. മുമ്പേ ഇസ്‌ലാമിനെ നശിപ്പിക്കാൻ വേണ്ടി ജീവൻ കളയാൻ തയ്യാറായവർ ഇപ്പോൾ ഇസ്‌ലാമിനെയും നബിﷺതിരുമേനിയെയും സംരക്ഷിക്കാൻ സ്വന്തം ജീവൻ ബലിയർപ്പിക്കാൻ തയ്യാറായി. അവരിൽ പലരും പിന്നീട് ഇസ്‌ലാമിക യുദ്ധങ്ങളിൽ രക്തസാക്ഷികളായി. അവരുടെ ഇസ്‌ലാം ഏറ്റവും ഉത്തമമായ ഇസ്‌ലാമാണെന്ന് സ്ഥാപിതമായി*(ദാഇറയെ മആരിഫ് സീറത്തു മുഹമ്മദുﷺ വാല്യം 9, പേജ് 298-299, ബസം ഇഖ്ബാൽ ലാഹോർ)*

ഈ അവസരത്തിൽ, ചില കപടവിശ്വാസികൾ സ്വത്ത് വീതിക്കുന്നതിനെക്കുറിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കുകയും അപമര്യാദയായി പെരുമാറുകയും ചെയ്തു. അവർ നഊദുബില്ലാഹ്, നബിﷺതിരുമേനി നീതിയും ന്യായവും പാലിച്ചില്ലെന്നും അല്ലാഹുവിന്റെ തൃപ്തിക്ക് അനുസരിച്ചല്ല പ്രവർത്തിച്ചതെന്നും ആരോപിച്ചു. ഇതു കേട്ടപ്പോൾ നബിﷺതിരുമേനിയുടെ മുഖം ചെമന്നു തുടുത്തു. പിന്നീട് അവിടന്ന് പറഞ്ഞു: “അല്ലാഹുവും അവന്റെ റസൂലും നീതി കാണിക്കുന്നില്ലെങ്കിൽപ്പിന്നെ ആരാണ് നീതി കാണിക്കുക?’

തുടർന്ന് അവിടന്ന് പറഞ്ഞു: “അല്ലാഹു എന്റെ സഹോദരൻ മൂസായോട് കരുണ കാണിക്കുമാറാകട്ടെ, അദ്ദേഹത്തിന് ഇതിലും വലിയ ബുദ്ധിമുട്ടുകളും പീഢനങ്ങളുമുണ്ടായിട്ടും അദ്ദേഹം ക്ഷമ കൈക്കൊണ്ടു. അതുപോലെ, ദുൽ ഖുവയ്സ്വറ എന്നൊരാൾ നബിﷺതിരുമേനിയുടെ അടുത്ത് വന്ന് പറഞ്ഞു: ‘മുഹമ്മദേ!ﷺ താങ്കൾ ഇന്ന് ചെയ്തത് ഞാൻ കണ്ടു.’ അവിടുന്ന് ചോദിച്ചു: ‘എന്താണ് കണ്ടത്?’ അയാൾ പറഞ്ഞു: ‘താങ്കൾ നീതി പാലിച്ചില്ല.’ നബിﷺതിരുമേനി പറഞ്ഞു: നിനക്ക് നാശം! എന്റെ അടുത്ത് നീതിയില്ലെങ്കിൽപ്പിന്നെ ആരുടെ

• ഹദീഥുന്നബ്‌വിﷺ •

“സ്വൂമൂ തസ്വിഹ്ഹു’

നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY

AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

“അൽ അയ്നു ഹഖ്ഖുൻ.”

കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ

P. ABDUL AMEER

AHMADIYYA JAMA-ATH MANJERY, KERALA

അടുത്താണ് നീതിയുള്ളത്?' ഇതുകേട്ട് ഹദ്റത്ത് ഉമറും ഹദ്റത്ത് ഖാലിദ് ബിൻ വലീദും (റ.ഹുമാ) എഴുന്നേറ്റുനിന്ന് പറഞ്ഞു: 'ഉത്തരവുണ്ടാകുകയാണെങ്കിൽ ഇവന്റെ തലകൊയ്യുന്നതാണ്? നബിﷺതിരുമേനി പറഞ്ഞു: 'വേണ്ട. ഒരുപക്ഷേ, ഇവൻ നമസ്കരിക്കുന്നവനായിരിക്കും. അതൊരു ഉറപ്പായ കാര്യമായിരുന്നില്ല, 'ഒരുപക്ഷേ' ഇവൻ നമസ്കരിക്കുന്നവനായിരിക്കുമെന്ന സംശയത്തിന്റെ പേരിൽ ഞാനെങ്ങനെയാണ് ഇവന്റെ കഴുത്ത് വെട്ടാൻ പറയുക?' എന്നാൽ ഇന്നത്തെ മുസ്‌ലിമീങ്ങളുടെ പ്രവർത്തനങ്ങളെന്താണെന്ന് നോക്കുക! അപ്പോൾ ഹദ്റത്ത് ഖാലിദ് ചോദിച്ചു: ഒരു നമസ്കരിക്കുന്നയാൾക്ക് ഇങ്ങനെ ഒരു കാര്യം പറയാൻ സാധിക്കുമോ? അങ്ങനെ അവന്റെ മനസ്സിലില്ലാതെ? നബിﷺതിരുമേനി പറഞ്ഞു: ഖാലിദേ! ഞാൻ ആളുകളുടെ ഹൃദയം കീറിനോക്കാനോ നെഞ്ചുപിളർന്നു നോക്കാനോ കൽപ്പിക്കപ്പെട്ടിട്ടില്ല.

നബിﷺതിരുമേനി ഇങ്ങനെയും പറഞ്ഞു: 'ഈ വ്യക്തിയും ഇവന്റെ കൂട്ടുകാരും ഖുർആൻ ഓതും. എന്നാൽ, അത് അവരുടെ തൊണ്ടക്ക് താഴെ പോകില്ല. അവരുടെ ഈമാൻ ഉപരിപ്ലവമായ ഈമാനാണ്. വേട്ടയാടിയ മൃഗത്തിലൂടെ അമ്പ് തുളച്ചുകയറി, രക്തത്തിന്റെ ഒരു അടയാളംപോലുമില്ലാതെ പുറത്തു വരുന്നതുപോലെ അവർ ദീനിൽ നിന്ന് പുറത്തുപോകും. നിങ്ങൾ നിങ്ങളുടെ നമസ്കാരത്തെയും നോമ്പിനെയും അവരുടെ നമസ്കാരത്തോടും നോമ്പിനോടും താരതമ്യം ചെയ്യുമ്പോൾ നിസ്സാരമായി കാണുന്നതാണ്. അതായത്, അവർ പ്രത്യക്ഷത്തിൽ നീണ്ട നമസ്കാരങ്ങൾ നിർവഹിക്കുന്നവരും, നോമ്പെടുക്കുന്നതിൽ കർക്കശക്കാരുമായിരിക്കും. *(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 404-405, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(അസ്സീറത്തുൽഹൽബിയ്യ വാല്യം 3, പേജ് 173-174, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)*

ഈ അവസ്ഥകളിന്ന് ധാരാളം മുസ്‌ലിമീങ്ങളിലും, പ്രത്യേകിച്ച് ഉലമാ എന്ന് വിളിക്കപ്പെടുന്നവരുടെ പ്രവർത്തനങ്ങളിലും നമ്മൾ കാണുന്നു. ഇതിനെക്കുറിച്ച് നബിﷺതിരുമേനി കാലേകൂട്ടി പ്രവചിച്ചിരുന്നു. ഹദീഥു വ്യാഖ്യാതാക്കൾ പറയുന്നു, 'ഈ വ്യക്തിതന്നെയാണ് ഖവാരിജി ഫിത്നയുടെ സ്ഥാപകരിലൊരാൾ. ഹദ്റത്ത് അലിؓയുടെ കാലത്താണ് ഈ സംഘം രംഗത്തുവന്നത്. പിന്നീട് ഹദ്റത്ത് അലി അവർക്കെതിരെ ജിഹാദ് ചെയ്തു. നബിﷺതിരുമേനി അവരെക്കുറിച്ച് പറഞ്ഞതുപോലെ തന്നെ അവർ പ്രവർത്തിച്ചു. *(ഉംദത്തുൽഖാരി, വാല്യം 15, പേജ് 345, ദാറു അഹ്‌യാഉത്തുറാഥ് 2003)(ഇർശാദുസ്സാരി ലിശറഹി സ്വഹീഹുൽ ബുഖാരി, വാല്യം 6, പേജ് 159, ദാറുൽഫിക്ർ 2010)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: ദുൽ ഖുവയ്സ്വറ എന്നൊരാൾ നബിﷺ തിരുമേനിയുടെ അടുത്തുവന്ന് പറഞ്ഞു: "മുഹമ്മദേ!ﷺ അങ്ങ് ഇന്ന് ചെയ്തത് ഞാൻ കണ്ടു. അവിടന്ന് ചോദിച്ചു: നീ എന്താണ് കണ്ടത്? അയാൾ പറഞ്ഞു: ഞാൻ കണ്ടത്, അങ്ങ് ഇന്ന് അക്രമം കാണിച്ചതാണ്, നീതി പാലിച്ചതുമില്ല. നഊദു ബില്ലാഹ്. നബിﷺതിരുമേനി പറഞ്ഞു: നിന്റെ കാര്യം അഹോ കഷ്ടം! ഞാൻ നീതി കാണിച്ചില്ലെങ്കിൽപ്പിന്നെ ഈ ലോകത്ത് ആരാണ് നീതി കാണിക്കുക? അപ്പോൾ സ്വഹാബാക്കൾ രോഷത്തോടെ എഴുന്നേറ്റു. അയാൾ മസ്ജിദിൽ നിന്നെഴുന്നേറ്റുപോയപ്പോൾ അവരിൽ ചിലർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇവൻ വധശിക്ഷ അർഹിക്കുന്നവനാണ്, ഞങ്ങൾ ഇവനെ കൊല്ലട്ടെ?'

ഇന്ന് നബി നിന്ദയെക്കുറിച്ച് വാതോരാതെ സംസാരിക്കുന്നുണ്ടല്ലോ, ഇവിടെ നോക്കുക. അവിടന്ന് പറഞ്ഞു: ഈ വ്യക്തി നിയമം പാലിക്കുകയാണെങ്കിൽ, നമുക്കെങ്ങനെയാണ് അവനെ കൊല്ലാൻ സാധിക്കുക? അതായത് നമ്മുടെ നിയമങ്ങളും ചട്ടങ്ങളും അവൻ പാലിക്കുന്നുണ്ടെങ്കിൽ അവനെ കൊല്ലേണ്ട ആവശ്യമില്ല. സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഒരാൾ പുറമെ ഒന്ന് കാണിക്കുകയും മനസ്സിൽ മറ്റൊന്ന് വയ്ക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ ശിക്ഷ അർഹിക്കുന്നില്ലേ? നബിﷺതിരുമേനി പറഞ്ഞു: ആളുകളോട് അവരുടെ ഹൃദയത്തിലുള്ള ചിന്തകൾക്കനുസരിച്ച് പെരുമാറാൻ അല്ലാഹു എന്നോട് കൽപ്പിച്ചിട്ടില്ല. അവരുടെ പുറമെയുള്ള പ്രവർത്തനങ്ങൾക്കനുസരിച്ച് അവരോട് പെരുമാറാനാണ് എന്നോട് കൽപ്പിക്കപ്പെട്ടിട്ടുള്ളത്. പിന്നീട് അവിടന്ന് പറഞ്ഞു: ഇവനും ഇവന്റെ കൂട്ടുകാരും ഒരു ദിവസം ഇസ്‌ലാമിനെതിരെ കലാപം ചെയ്യും. അതെ, ഞാൻ ഒരുകാര്യം കൂടി പറഞ്ഞുതരാം, ഇപ്പോൾ ഞാൻ ഒരു ശിക്ഷയും നല്കുന്നില്ല, പക്ഷേ, അവർ കലാപം ചെയ്യുമ്പോൾ അവർ അതിന്റെ ഫലം അനുഭവിക്കും. അങ്ങനെ ഹദ്റത്ത് അലി ؓയുടെ കാലത്ത് ഈ വ്യക്തിയും അവന്റെ ഗോത്രക്കാരും കലാപകാരികളുടെ നേതാക്കന്മാരായിരുന്നു. അവർ ഹദ്റത്ത് അലിؓ യോട് കലഹിക്കുകയും ഖവാരിജുകൾ എന്ന പേരിൽ ഇന്ന് വരെ അറിയപ്പെടുകയും ചെയ്യുന്നു. ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇന്ന് നബി നിന്ദയെക്കുറിച്ച് വാതോരാതെ സംസാരിക്കുന്നുണ്ടല്ലോ, ഇവിടെ നോക്കുക. അവിടന്ന് പറഞ്ഞു: ഈ വ്യക്തി നിയമം പാലിക്കുകയാണെങ്കിൽ, നമുക്കെങ്ങനെയാണ് അവനെ കൊല്ലാൻ സാധിക്കുക? അതായത് നമ്മുടെ നിയമങ്ങളും ചട്ടങ്ങളും അവൻ പാലിക്കുന്നുണ്ടെങ്കിൽ അവനെ കൊല്ലേണ്ട ആവശ്യമില്ല. സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഒരാൾ പുറമെ ഒന്ന് കാണിക്കുകയും മനസ്സിൽ മറ്റൊന്ന് വയ്ക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ ശിക്ഷ അർഹിക്കുന്നില്ലേ? നബിﷺതിരുമേനി പറഞ്ഞു: ആളുകളോട് അവരുടെ ഹൃദയത്തിലുള്ള ചിന്തകൾക്കനുസരിച്ച് പെരുമാറാൻ അല്ലാഹു എന്നോട് കൽപ്പിച്ചിട്ടില്ല. അവരുടെ പുറമെയുള്ള പ്രവർത്തനങ്ങൾക്കനുസരിച്ച് അവരോട് പെരുമാറാനാണ് എന്നോട് കൽപ്പിക്കപ്പെട്ടിട്ടുള്ളത്. പിന്നീട് അവിടന്ന് പറഞ്ഞു: ഇവനും ഇവന്റെ കൂട്ടുകാരും ഒരു ദിവസം ഇസ്‌ലാമിനെതിരെ കലാപം ചെയ്യും. അതെ, ഞാൻ ഒരുകാര്യം കൂടി പറഞ്ഞുതരാം, ഇപ്പോൾ ഞാൻ ഒരു ശിക്ഷയും നല്കുന്നില്ല, പക്ഷേ, അവർ കലാപം ചെയ്യുമ്പോൾ അവർ അതിന്റെ ഫലം അനുഭവിക്കും. അങ്ങനെ ഹദ്റത്ത് അലി ؓയുടെ കാലത്ത് ഈ വ്യക്തിയും അവന്റെ ഗോത്രക്കാരും കലാപകാരികളുടെ നേതാക്കന്മാരായിരുന്നു. അവർ ഹദ്റത്ത് അലിؓയോട് കലഹിക്കുകയും ഖവാരിജുകൾ എന്ന പേരിൽ ഇന്നുവരെ അറിയപ്പെടുകയും ചെയ്യുന്നു."*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, വാല്യം 20, പേജ് 358)*ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്. *(വിവർത്തനം: മൗലവി മുഹമ്മദ് ആരിഫ് കോഴിക്കോട്)(അൽഫള്ൽ ഇന്റർനാഷണൽ 2025 ഒക്ടോബർ 10 പേജ് 2-7)*

**പേജ് 1 ൽ നിന്ന്**

ഭയപ്പെടുത്താതിരിക്കുക.

യാഥാർഥ്യമെന്താണെന്നാൽ, മരണത്തിനുശേഷമുള്ള ഉയിർത്തെഴുന്നേൽപ് മനുഷ്യന്റെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയവും സ്നേഹവുമുണ്ടാക്കുന്നു. അത് അവന്റെ കർമങ്ങളുടെ പരിഷ്കരണത്തിനുള്ള സുപ്രധാനമായൊരു മാർഗമാണ്. പരലോകജീവിതത്തിൽ വിശ്വാസമില്ലെങ്കിൽ എല്ലാ പ്രപഞ്ചതൊഴിൽശാലകളും നിഷ്പ്രയോജനവും അനാവശ്യവുമാണെന്ന് അംഗീകരിക്കേണ്ടിവരും. എന്നല്ല നന്മയിലും തഖ്‌വയിലും ഉണ്ടാകുന്ന അഭിവൃദ്ധിയും ഒരു പ്രയോജനരഹിതമായ കർമമാണെന്ന് സമ്മതിക്കേണ്ടിവരും. എന്നാൽ, അല്ലാഹു സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഗ്രഹങ്ങളും ആകാശത്തിന്റേയും ഭൂമിയുടേയുമിടയിലുള്ള ആയിരക്കണക്കിന് വസ്തുക്കളും സൃഷ്ടിക്കുകയും അവയിൽ തന്റെ ശക്തിപ്രഭാവത്തിന്റെ ആയിരക്കണക്കിന് രഹസ്യങ്ങൾ നിക്ഷേപിക്കുകയും കുറച്ചു വർഷം ജീവിച്ച് എന്നെന്നേക്കുമായി മരിച്ചുപോകുന്ന മനുഷ്യനെ സൃഷ്ടിക്കുകയും ചെയ്തു. അവന്റെ ജീവിതത്തിന് പ്രധാനപ്പെട്ട ഉദ്ദേശ്യമൊന്നുമില്ല. ഇത്തരം ചിന്താഗതിയെ ഒരു ബുദ്ധിക്കും അംഗീകരിക്കാൻ സാധിക്കുകയില്ല. ഇത്രയും പ്രവിശാലമായ പ്രപഞ്ചത്തെ മനുഷ്യനുവേണ്ടി സൃഷ്ടിക്കുകയും അതിൽ ബുദ്ധിമുഖേന മനുഷ്യന് ഭരണം പ്രദാനം ചെയ്യുകയും വിളിച്ചോതുന്നത് അവന് ഈ പരിമിതമായ ജീവിതത്തിനുപുറമെ മറ്റെന്തോ ഉദ്ദേശ്യവും നിശ്ചയിക്കപ്പെട്ടിരിക്കുന്നുവെന്നാണ്. മനുഷ്യനെ അനശ്വരമായ ജീവിതത്തിനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് ഇസ്‌ലാം പറയുന്നു. അനശ്വരമായ ആത്മീയാഭിവൃദ്ധിയുടെ വഴി അവനുവേണ്ടി തുറക്കപ്പെട്ടിരിക്കുന്നു. അതിനാൽ മരണംകൊണ്ടുള്ള അർഥം മനുഷ്യാത്മാവ് ശരീരത്തിൽനിന്ന് വേർപെട്ടു, അത്രതന്നെ. ആത്മാവിന് ഒരു നാശവുമില്ല. എന്നെന്നും ജീവനോടെ ഇരിക്കുന്നു. അല്ലാഹുവിന്റെ ഖുർബ് അഥവാ സാമീപ്യത്തിന്റെ അതിരില്ലാത്ത നിലകൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു.

എന്തായാലും നബിമാരെ നിഷേധിക്കാനുള്ള ഒരു വലിയ കാരണം മരിച്ചതിനുശേഷമുള്ള ജീവിതം നിഷേധിക്കലാണ്. അതിലേക്കാണ് ഈ ആയത്തിൽ സൂചനനല്കപ്പെട്ടിട്ടുള്ളത്." *(തഫ്സീറെ കബീർ വാല്യം 6, പേജ് 171, പ്രസാധനം ഖാദിയാൻ 2010)*

**ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...**

പേജ് 12 ൽ നിന്ന്

വരും ചെറിയ ജിഹാദിൽനിന്ന് മടങ്ങിവരികയാണ്. വലിയ ജിഹാദ് അതായത് ജിഹാദെ അക്ബർ- ശരീരേച്ഛയുമായുള്ള പോരാട്ടത്തിലേക്ക് പോകുകയാണ്.' *(കൻസുൽ ഉമ്മാൽ, കിതാബുൽ ജിഹാദ് ഫിൽ ജിഹാദിൽ അക്ബർ മിനൽ അഅ്മാലി, വാല്യം 4, ഹദീഥ് 11260 പ്രസാധകർ മക്തബത്തു ത്തുറാഥുൽ ഇസ്ലാമി ഹൽബ്)*

ഒരു നിവേദനത്തിൽ വരുന്നു: 'നബിﷺ തിരുമേനി പറഞ്ഞു: "യോദ്ധാവ് എന്നു പറയുന്നത് അല്ലാഹുവിന്റെ അനുസരണത്തിൽ തന്റെ ആത്മാവിനെ ബുദ്ധിമുട്ടിൽ അകപ്പെടുത്തുന്നവനാണ്." *(മിശ്ക്കാത്ത്, കിതാബുൽ ഈമാൻ)*

ഏറ്റവും വലിയ ജിഹാദെന്ന് സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺ പറഞ്ഞത് ജിഹാദുബിന്നഫ്സ് അഥവാ ശരീരേച്ഛയോടുള്ള ജിഹാദാണ്. അവിടത്തെ കർമപരമായ മാതൃക ഇക്കാര്യത്തിന് സാക്ഷിയാണ്; അവിടന്ന് അവസാനശ്വാസംവരെ അതിൽ നിലകൊണ്ടു. ഉദാഹരണത്തിന് ഹദീഥിൽ വന്നിരിക്കുന്നു. ഹദ്റത്ത് ആഇശഃ വിവരിക്കുന്നു. സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺ രാത്രിയിൽ എഴുന്നേറ്റ് നമസ്കരിക്കുമായിരുന്നു. എത്രത്തോളമെന്നാൽ അവിടത്തെ തൃപ്പാദങ്ങൾ നീരുവന്ന് വിങ്ങുമായിരുന്നു. ഒരിക്കൽ ഞാൻ നബിﷺ തിരുമേനിയോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ! അങ്ങ് എന്തിനാണ് ഇത്രമാത്രം കഷ്ടപ്പെടുന്നത്. അല്ലാഹു അങ്ങയുടെ മുമ്പേയും പിമ്പേയുമുള്ള എല്ലാ കുറ്റങ്ങളും മാപ്പാക്കിത്തന്നിട്ടില്ലേ?' അപ്പോൾ നബിﷺ തിരുമേനി പറഞ്ഞു: 'എന്റെ റബ്ബിന്റെ ഫള്ലിനും ഔദാര്യത്തിനും ഞാൻ നന്ദിയുള്ള ദാസനാകണ്ടേ?' *(സ്വഹീഹുൽ ബുഖാരി, കിതാബുത്തഫ്സീർ സൂറഃ അൽഫത്ഹ്)*

പിന്നീട് നബിﷺതിരുമേനി ഈ ജിഹാദെ അക്ബറിനെ കൂടുതൽ വിശാലമാക്കിക്കൊണ്ടു പറഞ്ഞു: ഹദ്റത്ത് അനസ്ഃവിവരിക്കുന്നു. നബിﷺ തിരുമേനി പറഞ്ഞു: 'മുശ്രീക്കീങ്ങളോടു നിങ്ങളുടെ സമ്പത്തുകൾകൊണ്ടും നിങ്ങളുടെ ജീവൻകൊണ്ടും നിങ്ങളുടെ നാവുകൾകൊണ്ടും ജിഹാദ് ചെയ്യുക.'

സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാﷺ ജിഹാദെ അക്ബറിൽ (വലിയ ജിഹാദിൽ) മൂന്ന് മറ്റു ജിഹാദുകളും ഉൾപ്പെടുത്തിയിരിക്കുന്നു. അവിടന്ന് പറഞ്ഞു: 'ശരീരേച്ഛയോടുള്ള ജിഹാദ് ആവശ്യമാണെന്നതുപോലെ സത്തുകൊണ്ടുള്ള ജിഹാദും നാവുകൊണ്ടുള്ള ജിഹാദും നിർബന്ധകടമയാണ്. ഇതിനുള്ള ഉദാഹരണവും നമുക്കു ഹദീഥുകളിൽനിന്ന് ലഭിക്കുന്നു. അവിടത്തെﷺ ഒരൊറ്റ സൂചനകൊണ്ട് ആ മഹാത്മാവിനെ വിശ്വസിച്ചിരുന്നവർ തങ്ങളുടേതായതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിച്ചിട്ടിരുന്നു.

ഹദീഥിൽ വരുന്നു.'ഹദ്റത്ത് സയ്ദ്ഃ തന്റെ പിതാവ് അസലമിൽനിന്ന് നിവേദനം. ഞാൻ ഉമർ ബിൻ ഖത്ത്വാബ് പറയുന്നതായി കേട്ടു. ഒരിക്കൽ നബിﷺ തിരുമേനി ഏതോ യുദ്ധാവശ്യത്തിനുവേണ്ടി അല്ലാഹുവിന്റെ വഴിയിൽ ധനം ചെലവഴിക്കാൻ ആഹ്വാനം ചെയ്തു. ആ ദിനങ്ങളിൽ എന്റെ കൈയിൽ ഒരുപാട് പണമുണ്ടായിരുന്നു. ഞാനെന്റെ മനസ്സിൽ പറഞ്ഞു: എനിക്ക് അബൂബക്റിനെക്കാൾ കൂടുതൽ പുണ്യം കരസ്ഥമാക്കാൻ കഴിയുമെങ്കിൽ ഇന്ന് അതിനുള്ള അവസരമാണ്. ഞാൻ പകുതി ധനവുമെടുത്ത് നബിയുടെ തിരുസന്നിധിയിൽ ഹാജരായി. നബിﷺ എന്നോടു ചോദിച്ചു. ഉമർ എത്ര ധനമാണ് കൊണ്ടുവന്നിട്ടുള്ളത്? എത്രത്തോളം കുട്ടികൾക്കുവേണ്ടി വിട്ടിട്ടുണ്ട്?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ! പകുതിധനം കൊണ്ടുവന്നിട്ടുണ്ട്. പകുതി കുട്ടികൾക്കുവേണ്ടി വിട്ടിട്ടുവന്നു.' ഹദ്റത്ത് അബൂബക്ർഃഅദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നതെല്ലാം കൊണ്ടുവന്നു. നബിﷺതിരുമേനി ഹദ്റത്ത് അബൂബക്റിനോടു ചോദിച്ചു: 'അബൂബക്റേ! എത്ര സ്വത്താണ് കൊണ്ടുവന്നിട്ടുള്ളത്? വീട്ടുകാർക്കുവേണ്ടി എത്രയാണ് വീട്ടിൽവെച്ചത്?' അബൂബക്ർഃ പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ കൈയിലുള്ളതെല്ലാം കൊണ്ടുവന്നിട്ടുണ്ട്. ഭാര്യാമക്കൾക്കുവേണ്ടി അല്ലാഹുവിനേയും അവന്റെ റസൂലിനേയും വിട്ടിട്ടാണ് വന്നത്.' അതായത് അല്ലാഹുവിൽ തവക്കുൽ (സമർപ്പണം) ചെയ്തിരിക്കുകയാണ്. ഹദ്റത്ത് ഉമർഃ ഇതുകേട്ട് സ്വയം പറഞ്ഞു: 'എനിക്കൊരിക്കലും അബൂബക്റിനെ കവച്ചുവെക്കാൻ കഴിയില്ല. *(തുർമുദി അബ്വാബുൽ മനാഖിബ് ഫീ മനാഖിബി അബൂബക്കർ, ഉമർ)*

സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺതന്നെ വിശ്വസിച്ചിട്ടുള്ളവരോട് ഒരുഭാഗത്ത് മതപരവും സാമൂഹികവുമായ ആവശ്യങ്ങൾ മുന്തിച്ചുകൊണ്ട് താൽക്കാലികമായ ആഹ്വാനത്തിലൂടെ ധനത്യാഗം ആവശ്യപ്പെട്ടു. മറുഭാഗത്ത് ദരിദ്രർക്കും അനാഥർക്കും വിധവകൾക്കും സാമൂഹികമായ ക്ഷേമത്തിനും വേണ്ടി സ്ഥിരമായ നിലയിൽ സക്കാത്തിന്റെ രൂപത്തിൽ ധനപരമായ ജിഹാദ് സ്ഥാപിച്ചു. ആദരണീയരായ സ്വഹാബിമാർ ഈ ധനത്യാഗത്തിൽ അത്യുത്സാഹത്തോടുകൂടി പങ്കെടുത്തിരുന്നു.

പിന്നീട് നബിﷺ തിരുമേനി ജിഹാദിന്റെ അർഥങ്ങളെ വിശാലമാക്കിക്കൊണ്ടുപറഞ്ഞു. ഹദ്റത്ത് അബൂ സയീദ് ഖുദ്രിഃ വിവരിക്കുന്നു. നബിﷺ തിരുമേനി പറഞ്ഞു: 'ഏറ്റവും ഉത്തമമായ ജിഹാദ്, അക്രമിയായ രാജാവിന്റെ മുമ്പിൽ സത്യത്തേയും നീതിയേയും കുറിച്ച് സംസാരിക്കുക എന്നതാണ്.' *(തുർമുദി, കിതാബുൽ ഫിത്തൻ ബാബ് അഫ്ളലുൽ ജിഹാദ്)*

മറ്റൊരു ഹദീഥിൽ വന്നിരിക്കുന്നു. ഹദ്റത്ത് ആഇശഃ, നബിﷺതിരുമേനിയോടു ചോദിച്ചു. 'അല്ലാഹുവിന്റെ റസൂലേ! ജിഹാദ് ഏറ്റവും ഉൽകൃഷ്ടമായ കർമങ്ങളിൽപെട്ടതാണെന്ന് ഞാൻ കരുതുന്നു; അപ്പോൾ സ്ത്രീകളായ ഞങ്ങൾക്ക് എന്തുകൊണ്ട് ജിഹാദ് ചെയ്തുകൂടാ?' അവിടന്ന് പറഞ്ഞു: 'പക്ഷേ, അതിശ്രേഷ്ഠമായ ജിഹാദ് പരിശുദ്ധമായ ഹജ്ജാണ്.'*(സ്വഹീഹ് ബുഖാരി, കിതാബുൽ ജിഹാദ് ഹദീഥ് നമ്പർ 2794)*

ഈ നിവേദനങ്ങളിൽനിന്നെല്ലാം മനസ്സിലാകുന്നത് നബിﷺ തിരുമേനി ജിഹാദിനെ ജീവിതത്തിന്റെ എല്ലാ തലങ്ങളുമായും ബന്ധപ്പെടുത്തിയിരുന്നുവെന്നാണ്.

**2. ജിഹാദെ കബീർ അതായത് ഖുർആൻകൊണ്ടുള്ള ജിഹാദ്**

ഇനി ഞാൻ ജിഹാദിന്റെ മറ്റൊരു തരത്തിലേക്ക് വരികയാണ്. അതിനെ ജിഹാദെ കബീർ എന്നാണ് പറയുന്നത്. അതായത് ഖുർആൻകൊണ്ടുള്ള ജിഹാദ്. വിശുദ്ധഖുർആൻ മുഖേന മുഴുലോകത്തും ഇസ്ലാമിക പ്രബോധനം നടത്തുക. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. ***ജാഹിദ് ഹും ബിഹീ ജിഹാദൻ കബീറാ*** (25:53) നീ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെ മറ്റുള്ളവർക്ക് സ്നേഹത്തോടും പ്രീതിയോടുംകൂടിയും തെളിവുകളും പ്രഖ്യാപനങ്ങളുംകൊണ്ടും എത്തിച്ചുകൊടുക്കുക. ഹദീഥു

• ഹദീഥുന്നബ്വിﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വിﷺ •

"അന്നദമു തൗബത്തുൻ."
ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

• ഹദീഥുന്നബ്വിﷺ •

"ലാ തതമന്നഉൽമൗത."
മരണം ആഗ്രഹിക്കരുത്.

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

കളിൽനിന്നും ചരിത്രത്തിലെ നിവേദനങ്ങളിൽനിന്നും വ്യക്തമാകുന്നത് നബിﷺതിരുമേനി രാവിലേയും വൈകുന്നേരവും ഈ ജിഹാദ് ചെയ്യുന്നതിൽ കഴിച്ചുകൂട്ടിയിരുന്നുവെന്നാണ്. അല്ലാഹു നബിﷺതിരുമേനിക്ക് വിശുദ്ധഖുർആന്റെ ശരീഅത്ത് നല്കിയിരുന്നു. അത് തെളിവുകളുടേയും പ്രമാണങ്ങളുടേയും എങ്ങനെയുള്ള സമുദ്രമാണെന്നാൽ അതിന്റെ കാന്തികശക്തി കൊണ്ട് ശത്രുക്കൾക്കുപോലും ആകർഷിതരാകാതിരിക്കാൻ കഴിഞ്ഞില്ല. ഇക്കാരണത്താലാണ് സത്യനിഷേധികൾ മക്കയിൽ മുഴുവൻ നഊദുബില്ലാഹ് മുഹമ്മദ്ﷺ ഇന്ദ്രജാലക്കാരനാണെന്ന് പ്രചരിപ്പിച്ചത്; ആരാണോ അവന്റെ വാക്ക് കേൾക്കുന്നത് അവനിൽ ഇന്ദ്രജാലത്തിന്റെ സ്വാധീനമുണ്ടാകുമത്രെ! ഹദ്റത്ത് ഉമർ ബിൻ ഖത്വാബ് ഇസ്ലാമിക ശത്രുപാളയത്തിൽ ഉണ്ടായിരുന്നകാലം. അങ്ങനെയിരിക്കെ സയ്യിദുനാ ഹദ്റത്ത് മുഹമ്മദ്ﷺയുടെ ഇതേ ഖുർആൻ കൊണ്ടുള്ള ജിഹാദിന്റെ ഫലമായി ഇസ്ലാമിന്റെ മടിത്തട്ടിൽ വന്നുവീണു. കുറച്ചുവർഷത്തിനുള്ളിൽത്തന്നെ മുഅ്മിനീങ്ങളുടെ ഒരു ചെറിയ ജമാഅത്ത് വലിയ സംഘമായി മാറി.

**3. ജിഹാദെ അസ്ഗർ, വാളുകൊണ്ടുള്ള ജിഹാദ്**

ഇനി ഞാൻ എന്റെ വിഷയത്തിന്റെ അവസാനത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഭാഗത്തേക്കു വരികയാണ്. അതാണ് ജിഹാദിന്റെ മൂന്നാമത്തെതരമായ ജിഹാദെ അസ്ഗർ അതായത് വാളെടുത്തുള്ള യുദ്ധം. ഇസ്ലാമിക ശത്രുക്കൾ ഇതുമുഖേന നഊദുബില്ലാഹ് ഇസ്ലാം വാളുകൊണ്ടു പരന്ന മതമാണെന്ന് പ്രചരിപ്പിക്കുന്നു. ഈ ജിഹാദ് തെറ്റായി വ്യാഖ്യാനിച്ചാണ് ഇക്കാലത്ത് നാമമാത്ര മുസ്ലിം ഉലമാ നിരപരാധികളായ മനുഷ്യരുടെ ചോര അന്യായമായി ഒഴുക്കുന്നത്. യഥാർഥത്തിൽ ഇക്കാരണത്താൽ ഇക്കൂട്ടരാണ് ഇസ്ലാമിനെ പോലുള്ള മനോഹരവും സമാധാനഭരിതവുമായ മതത്തെ ഭീകരവാദത്തോടൊപ്പം ചേർക്കുന്നത്.

വരൂ! നമുക്ക് വാളുകൊണ്ടുള്ള ജിഹാദിനെ നബിﷺ തിരുമേനിയുടെ ജീവിതമാതൃകയുടെ വെളിച്ചത്തിൽ നോക്കാം. അവിടന്ന് ജിഹാദ് ബിസ്സയ്ഫിന് എന്ത് അർഥമാണ് നല്കിയത്. ഏതെല്ലാം അവസ്ഥകളിലാണ് അത് നിർബന്ധമായിരുന്നത്? അത്തരം അവസ്ഥ എപ്പോൾ വന്നാലും അവിടന്ന്ﷺ അതിന്റെ ഏതു നിയമവും ചട്ടവുമാണ് വിവരിച്ചിട്ടുള്ളത്? മുസ്ലിം ഉമ്മത്തിന് എന്ത് മാതൃകയാണ് അവതരിപ്പിച്ചിട്ടുള്ളത്?

അതിനാൽ ഇക്കാര്യത്തിൽ നബിﷺ തിരുമേനിയുടെ മാതൃക അതുല്യമാണ്. അവിടന്ന് തന്റെ മുഴുവൻ ജീവിതത്തിലും അക്രമത്തിനെതിരെ അക്രമം പ്രവർത്തിക്കാൻ കല്പന നല്കിയില്ല. നബിﷺ തിരുമേനിയുടെമേലും അവിടത്തെ സ്വഹാബത്തിന്റെമേലും സത്യനിഷേധികളിൽനിന്ന് ഓരോ ദിവസവും പുതിയ പുതിയ അക്രമങ്ങളാണ് ഉണ്ടായിക്കൊണ്ടിരുന്നത്. പക്ഷേ, അവിടന്ന് എപ്പോഴും വിട്ടുവീഴ്ച ചെയ്യാൻ കല്പിച്ചു. ചരിത്രത്തിൽ വന്നിരിക്കുന്നു. മക്കയിലെ അക്രമങ്ങൾകൊണ്ട് അവിടത്തെ ഒരു സ്വഹാബി ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫും മറ്റുചില സ്വഹാബിമാരും പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ മുസ്ലിമല്ലായിരുന്നപ്പോൾ ആദരണീയരായിരുന്നു. ആരും ഞങ്ങളുടെ നേരെ കണ്ണുയർത്തിപോലും നോക്കിയിരുന്നില്ല. ഇപ്പോൾ ഈ സത്യനിഷേധികൾ ഞങ്ങളെ ഭീരുക്കളും ദുർബലരുമായി മനസ്സിലാക്കാൻ തുടങ്ങിയിരിക്കുകയാണ്. അവരെ നേരിടാൻ ഞങ്ങൾക്ക് അനുവാദം തന്നാലും; അവരെ പാഠം പഠിപ്പിക്കാൻ.' പക്ഷേ, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ ﷺ മറുപടി പറഞ്ഞു: ***'ഇന്നീ ഉമിർത്തു ബിൽ അഫ്വി ഫലാ തുഖാത്തിലൂ'*** *(സുനൻ നിസാഇ, വാല്യം 1, പേജ് 152)* എനിക്ക് അല്ലാഹുവിൽനിന്ന് മാപ്പുകൊടുക്കാനുള്ള കല്പനയാണുള്ളത്. അതുകൊണ്ട് നിങ്ങൾക്ക് യുദ്ധം ചെയ്യാനുള്ള അനുവാദം തരാൻ എനിക്ക് സാധിക്കുകയില്ല.

നബിﷺതിരുമേനിയും അവിടത്തെ സ്വഹാബത്തും (രിള്വാനുല്ലാഹി അലയ്ഹിം) നിരന്തരം 13 വർഷംവരെ അക്രമികളുടെ അക്രമത്തെ ക്ഷമയോടും ദുആയോടുംകൂടി നേരിട്ടു. അവരുടെ അക്രമങ്ങൾ കാരണത്താൽത്തന്നെ നബിﷺ തിരുമേനിക്ക് മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ പോകേണ്ടിയും വന്നു. എന്നാൽ, മക്കയിലെ ഇസ്ലാമിന്റെ ശത്രുക്കൾ അവിടേയും അദ്ദേഹത്തെ പിന്തുടർന്നു. നബിﷺതിരുമേനിയെ ഉന്മൂലനം ചെയ്യാൻ എല്ലാവിധത്തിലും പരിശ്രമിച്ചു. അങ്ങനെ 15 വർഷം തുടർച്ചയായി അക്രമം സഹിച്ചതിനുശേഷം അല്ലാഹു മുസ്ലിമീങ്ങൾക്ക് ഇനി നിങ്ങൾക്ക് അവരെ നേരിടാം; കാരണം ഇപ്പോൾ അക്രമങ്ങൾ അതിരുകടന്നുകഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞ് അനുവാദം നൽകി.

അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞു: യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽനിന്നുള്ള അക്രമത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപള്ളികളും അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന മുസ്ലിം മസ്ജിദുകളും എല്ലാം തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുകതന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു. (22:40–41).

ഈ ഖുർആനിക വചനത്തിൽ നിന്ന് വാളെടുത്തുള്ള ജിഹാദിനുള്ള അനുവാദം ഏതവസ്ഥയിലാണ് നല്കപ്പെട്ടതെന്ന് തികച്ചും വ്യക്തമാകുന്നുണ്ട്. ഏതെങ്കിലും ജനതയുടെമേൽ ചെയ്യുന്ന അക്രമം അതിന്റെ പാരമ്യതയിലെത്തുകയും അവരെ അന്യായമായി വധിച്ചുകൊണ്ട് യുദ്ധം അവരുടെമേൽ അടിച്ചേല്പിക്കപ്പെടുകയും അല്ലാഹുവിന്റെ നാമം വിളിച്ചുപറയുന്ന കാരണത്താൽ അവരെ വീടുകളിൽനിന്ന് പുറത്താക്കുകയും ചെയ്യുമ്പോൾ അല്ലാഹു പ്രതിരോധിക്കുന്നതിനുവേണ്ടി വാളെടുക്കാൻ അവർക്ക് അനുവാദം കൊടുക്കുന്നു. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺയും ഈ നിബന്ധനയ്ക്കു വിധേയനായി പ്രതിരോധ യുദ്ധങ്ങൾ ചെയ്തു. അതിലും നബിﷺതിരുമേനി എങ്ങനെയുള്ള മാതൃകയാണ് കാണിച്ചതെന്നാൽ അതിന്റെ പത്തിലൊന്നുപോലും അറേബ്യയിൽ നടന്ന മറ്റു യുദ്ധങ്ങളിൽ കാണാൻ കഴിയുകയില്ല. അറേബ്യയിലെ യുദ്ധക്കൊതിയരായ ആളുകൾ അവർ നിസാരകാര്യങ്ങളുടെ പേരിൽ നൂറ്റാണ്ടുകളോളം യുദ്ധം ചെയ്തുകൊണ്ടിരുന്നു. യുദ്ധത്തിന്നിടയിൽ മൃതദേഹങ്ങൾ വികലമാക്കിയിരുന്നു. സ്ത്രീകളേയും കുട്ടികളേയും വൃദ്ധരേയും കൊല്ലുന്നതിൽ ഒരു മടിയും കാണിച്ചിരുന്നില്ല. പക്ഷേ, ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺന്റെ മാതൃക അതുല്യമായിരുന്നു. ഹദീഥിൽ വന്നിരിക്കുന്നു. "അല്ലയോ മുസ്ലിമീങ്ങളേ! അല്ലാഹുവിന്റെ പേരിൽ പുറപ്പെടുക. ദീനിനെ കാത്തുസൂക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ ജിഹാദ് ചെയ്യുക. പക്ഷേ, ശ്രദ്ധിച്ചുകേൾക്കുക. യുദ്ധമുതലിൽ വഞ്ചന കാണിക്കരുത്. ഒരു ജനതയേയും വഞ്ചിക്കരുത്. ശത്രുക്കളുടെ മൃതദേഹങ്ങൾ വികൃതമാക്കരുത്. കുട്ടികളേയും സ്ത്രീകളേയും ആരാധനാലയങ്ങളിലുള്ളവരേയും വൃദ്ധരേയും വധിക്കരുത്. രാജ്യത്ത് പരിഷ്കരണം ഉണ്ടാക്കണം. ജനങ്ങളോടു ഔദാര്യ

**• ഹദീഥുന്നബ്വിﷺ •**

**"അൽമുസ്ലിമു അഖുൽമുസ്ലിമി."**

**ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്.**

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്വിﷺ •**

**"അസ്സലാമു ഖബ്‌ലൽകലാമി."**

**സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.**




ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

പൂർവം പെരുമാറണം. കാരണം അല്ലാഹു ഔദാര്യം കാണിക്കുന്നവരെ ഇഷ്ടപ്പെടുന്നു.'

ഇന്നത്തെ നാമമാത്ര മുല്ലാക്കൾ ജിഹാദ്, ജിഹാദ് എന്ന മുദ്രാവാക്യം വിളിച്ച് നിരപരാധികളെ കൊല്ലുകയും കൊല്ലിക്കുകയും ചെയ്യുന്നു. ഇത് അങ്ങേയറ്റം വെറുക്കപ്പെട്ടതും അപലപനീയവുമാണ്. അതിന് ഇസ്ലാമും ഇസ്ലാമിന്റെ സ്ഥാപകരും വിശുദ്ധഖുർആനുമായി വിദൂരബന്ധംപോലുമില്ല. നമ്മുടെ പ്രിയപ്പെട്ട യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺ ഇന്നേക്ക് ഏകദേശം 1400 വർഷം മുമ്പേ പറഞ്ഞു: 'മുസ്ലിമീങ്ങളുടെമേൽ ഒരുകാലം വരും. അവരിൽ കർമപരവും വിശ്വാസപരവുമായ നിലയിൽ വിള്ളലുകളുണ്ടാകുന്നതായിരിക്കും. കഠിനമായ അഭിപ്രായഭിന്നതകൾ ഉണ്ടാകുന്നതായിരിക്കും. അത്തരം കുഴപ്പങ്ങളുടെ കാലത്ത് അല്ലാഹു മുസ്ലിമീങ്ങളെ പരിഷ്കരിക്കുന്നതിന് ഇമാമു ആഖിറുസ്സമാൻ ഹദ്റത്ത് ഇമാം മഹ്ദി(അ)യെ നിയോഗിക്കുന്നതായിരിക്കും. അദ്ദേഹം മുസ്ലിമീങ്ങളെ കർമപരമായി പരിഷ്കരിക്കുന്നതോടൊപ്പം വിശ്വാസപരമായ പരിഷ്കരണവും നടത്തുന്നതായിരിക്കും. അദ്ദേഹത്തിന്റെ വരവോടെ യുദ്ധം ഇല്ലാതാക്കപ്പെടും.' അവിടന്ന് പറഞ്ഞു: ***'യളഉൽഹർബ്'*** (അദ്ദേഹം യുദ്ധം കാലഹരണപ്പെടുത്തും) *(സ്വഹീഹ് ബുഖാരി, കിതാബുൽ അമ്പിയാ ബാബ് നുസൂലു ഈസബ്നുമർയം)*

വാസ്തവത്തിൽ ഈ പ്രവചനത്തിലുള്ള സൂചന ഇമാം മഹ്ദിയുടെ കാലഘട്ടത്തിൽ വാളെടുത്ത് യുദ്ധം ചെയ്യുന്നതിനുള്ള നിബന്ധന പൂർത്തിയാകുകയില്ലെന്നാണ്. അക്കാലം തെളിവുകളുടേയും പ്രമാണങ്ങളുടെയും തൂലികകൊണ്ടുള്ള ജിഹാദിന്റേയും കാലമായിരിക്കും. അതുകൊണ്ട് അല്ലാഹു ഇക്കാലത്ത് ഇത്തരത്തിലുള്ള തെറ്റായ വിശ്വാസങ്ങൾ നീക്കി ശരിയായ നിലയിൽ ഉദ്ധരിക്കുന്നതിന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ(അ)മഹ്ദിയായി അയച്ചു. അദ്ദേഹം വിളംബരം ചെയ്തു.

**അബ് ഛോഡ് ദൊ ജിഹാദ് കാ ഏ ദോസ്തോ ഖയാൽ**

**ദീൻ കേലിയെ ഹറാമ് ഹെ അബ് ജങ് വ ഖിത്താൽ**

**കിയോൻ ഭൂൽത്തെഹൊ തും യളഉൽ ഹർബ് കി ഖബർ**

**കിയാ യെ നഹീ ബുഖാരി മെ ദേഘോ തൊ ഘോൽക്കർ**

*(തുഹ്ഫയെ ഗോൽഡവിയ്യ, റൂഹാനീഖസാഇൻ, വാള്യം 17, പേജ് 77-78)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: 'ഇന്ന് മുതൽ വാളെടുത്തുള്ള യുദ്ധം അല്ലാഹുവിന്റെ കല്പനയാൽ നിറുത്തലാക്കപ്പെട്ടിരിക്കുന്നു. ഇനി ഇതിനുശേഷം ആരാണോ അവിശ്വാസികളുടെമേൽ വാളുയർത്തുകയും തന്റെ പേര് യോദ്ധാവ് എന്നുവെക്കുകയും ചെയ്യുന്നത് അവൻ ഏതൊരു ആദരണീയ റസൂലാണോ ഇന്നേക്ക് 1300 വർഷം മുമ്പേ മസീഹ് മൗഊദ് വരുമ്പോൾ വാളെടുത്തുള്ള എല്ലാ യുദ്ധങ്ങളും അവസാനിക്കുന്നതായിരിക്കും എന്നു പറഞ്ഞത് ആ റസൂലിനെ ധിക്കരിക്കുകയാണ്. ഇപ്പോൾ ഞാൻ വെളിപ്പെട്ടതിനുശേഷം വാളെടുത്തുള്ള ജിഹാദുമില്ല. നമ്മുടെ ഭാഗത്തുനിന്ന് സമാധാനത്തിന്റേയും അനുരഞ്ജനത്തിന്റേയും വെള്ളക്കൊടി ഉയർത്തപ്പെട്ടിരിക്കുകയാണ്.' *(ഖുത്ബ ഇൽഹാമിയ്യ, റൂഹാനീഖസാഇൻ, വാള്യം 16, പേജ് 28)*

അല്ലാഹു നമുക്കെല്ലാവർക്കും ജിഹാദിന്റെ യഥാർഥ പൊരുൾ മനസ്സിലാക്കിക്കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

**കഴിഞ്ഞ ലക്കത്തിലെ പേജ് 11 കോളം 4 ൽ നിന്ന്**

അമേരിക്കയും പുതിയ ലോകമെന്നാണ് പറയപ്പെടുന്നത്. ഒരു പ്രകാരത്തിൽ അത് ലോകത്തിന്റെ അറ്റവുമാണ്. അമേരിക്കയിൽ അലക്സാണ്ടർ, വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദുമായി(അ)നടത്തിയ കത്തിടപാടുകളുടെ ബന്ധത്തിന്റെ ഫലമായി മുസൽമാനായി. അദ്ദേഹം മുഖേന 1904-ൽ മിസ്റ്റർ ആന്റേഴ്സൺ അഹ്മദിയ്യത്ത് സ്വീകരിച്ചു. വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)അദ്ദേഹത്തിന്റെ പേര് അഹ്മദ് എന്ന് വെച്ചു. റഷ്യയുടെ ഉത്തരധ്രുവപ്രദേശവും ലോകത്തിന്റെ അറ്റം എന്ന് പറയപ്പെടുന്നു. റഷ്യയിലെ ചിന്തകനും മഹാനായ നോവലിസ്റ്റുമായ ടോൾസ്റ്റോയിയുമായി മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ)മുഖേന എഴുത്തുകുത്തുകൾ നടക്കുകയും അദ്ദേഹത്തിന് ഇസ്ലാം മത തത്ത്വജ്ഞാനം ലഭിച്ചപ്പോൾ അദ്ദേഹം അതിനെ സംബന്ധിച്ച് മനോഹരമായി അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തു.

ഈ ഏതാനും ഉദാഹരണങ്ങളെല്ലാംതന്നെ ദൈവിക വാഗ്ദാനങ്ങളായിരുന്നു എന്നും അവ പ്രതികൂല സാഹചര്യങ്ങളിൽ പൂർത്തിയായി എന്നതിനും മതിയായ തെളിവുകൾ നൽകുന്നവയാണ്. ദൈവത്തിന്റെ ഇച്ഛകളെ പ്രകടമാക്കുന്ന ഇത്തരത്തിലുള്ള നൂറുക്കണക്കിന് ഉദാഹരണങ്ങളുണ്ട്. ചുരുക്കത്തിൽ ഇത് വെറും ഒരു ഇൽഹാം മാത്രമല്ല. ഇത് മഹോന്നതമായ ഒരു വാഗ്ദാനവുമാണ്. ഇതിന്റെ പൂർത്തീകരണത്തിന്റെ കഥകൾ ഭൂമിയുടെ എല്ലാ മുക്കിലും മൂലയിലും ചിതറികിടക്കുന്നു. ഭൂമിയുടെ ഓരോ പ്രദേശത്തും അതിന്റെ പ്രകടനം കാണിച്ചുകൊണ്ടിരിക്കുന്നു. അവ ദൈവിക സഹായങ്ങളാൽ നിറഞ്ഞുകിടക്കുന്ന ഒരു ചരിത്രമാകുന്നു. വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യതയുടെ ഒരു തുറന്ന തെളിവാകുന്നു അവ. ഒരു ലോകം അതിന് സാക്ഷ്യം വഹിക്കുന്നു. ലോകത്തിനുമേൽ കോറിയിടപ്പെട്ട ഒരുപ്രകാശത്താൽ എഴുതപ്പെട്ട ലേഖനമാകുന്നു. അറേബ്യയുടെ സ്വുലഹാഉം ശാമിലെ അബ്ദാലും ഇപ്പോൾ അദ്ദേഹത്തിനുമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഒരു ആംഗ്യത്തിന് ജീവത്യാഗം ചെയ്യാൻ അനറബികളും തയ്യാറാകുന്നു. ലോകത്തിലെ 213 രാജ്യങ്ങളിൽ അദ്ദേഹത്തിന്റെ പതാക പാറിപ്പറത്തിക്കൊണ്ടിരിക്കുന്നു. ഓരോ പതാകയും അദ്ദേഹത്തിന്റെ വെളിപാട് ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഖാദിയാനിനെ പോലുള്ള ഒരു നിസ്സാര ഗ്രാമവും അവിടുത്തെ ഏതാനും ജനങ്ങളും എവിടെ? ലോകത്തിന്റെ വിദൂരതകളിൽ സമുദ്രങ്ങളാൽ വലയം ചെയ്യപ്പെട്ട ദ്വീപുകളെവിടെ? കൃഷിയാൽ നിറഞ്ഞ ഹരിതാഭമായ പ്രദേശങ്ങൾ-വെള്ളവും ഐസുകളുംകൊണ്ട് മൂടപ്പെട്ട ഉത്തരധ്രുവങ്ങളും ദക്ഷിണധ്രുവങ്ങളും എണ്ണസമ്പത്തുകൊണ്ട് സമ്പന്നമായ മരുപ്രദേശങ്ങൾ! പുരാതനമോ ആധുനികമോ ആയ ലോകങ്ങൾ ജനനിബിഢ വാസസ്ഥലങ്ങൾ ഓസ്ട്രേലിയ, കനഡ പോലുള്ള തീര മരുപ്രദേശങ്ങൾ എല്ലായിടത്തും ഖാദിയാനിന്റേയും അതിലെ പരിശുദ്ധപ്രവാചകന്റേയും നാമം മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഭൂമുഖത്ത് മനുഷ്യവാസമുള്ള കാലത്തോളം മുഴങ്ങിക്കൊണ്ടിരിക്കുന്നതുമാണ്. ഒരു സമയംവരും അശറക്കത്തിൽ അർളു ബി നൂരി റബ്ബിഹാ (അസ്സുമർ 70) അപ്പോൾ ഭൂമി മുഴുവനും തന്റെ രക്ഷിതാവിന്റെ പ്രകാശത്താൽ പ്രഭാപൂരിതമാകുന്നതാണ്. ഇൻശാ അല്ലാഹ്. *(കടപ്പാട്: അൽഫള്ൽ ദിനപത്രം, ലണ്ടൻ)*

**തിരുത്ത്:**

**ബദ്ർ വാള്യം 10 ലക്കം 39-ലെ അല്ലാഹുവിന്റെ വചനം എന്ന കോളത്തിൽ കൊടുത്തിരിക്കുന്ന ആയത്തിന്റെ അർഥം മാറിപ്പോയതിൽ ഖേദിക്കുന്നു. ശരിയായ അർഥം ഇപ്രകാരമാണ്:'അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കുമുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; (എല്ലാവിധ ആപത്തുകളിൽനിന്നും)നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.(2:22)**

ഹദീഥുന്നബവി(സ)
'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവി(സ)
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 23-30 October 2025 Issue-43,44

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# എന്താണ് യഥാർഥ ജിഹാദ്
## നബിതിരുമേനിയുടെ ജീവിത മാതൃകയുടെ വെളിച്ചത്തിൽ

**ഫലാഹുദ്ദീൻ ഖമർ, മുറബ്ബിയെ സിൽസില നള്ലാറത്ത് ഉൽയ ജനൂബി ഹിന്ദ്**
*വിവർത്തനം: മുഹമ്മദു ഇസ്മായീൽ ആലപ്പുഴ*

ദീനുൽ ഇസ്‌ലാം സമ്പൂർണവും തികവുറ്റതുമായൊരു ദീനാണെന്ന പോലെ ദീനുൽ ഇസ്‌ലാമിന്റെ റസൂലും സമ്പൂർണറസൂലും ഇസ്‌ലാമിക ശരീഅത്ത് ഒരു തികവുറ്റ ശരീഅത്തുമാണ്. അത് ജീവിതത്തിന്റെ എല്ലാ രംഗത്തും മനുഷ്യന് മാർഗദർശനം നൽകുന്നു. മനുഷ്യനെ അവന്റെ ജീവിതോദ്ദേശ്യം അറിയിക്കുന്നു. അവനെ ജീവിതനിയമങ്ങൾ പഠിപ്പിക്കുന്നു. സയ്യിദുനാ ഹദ്റത്ത് മുഹമ്മദ്ﷺ തന്റെ ജീവിതചര്യയുടേയും നബിവചനങ്ങളുടേയും മഹത്തായൊരു ഖജനാവ് മുസ്‌ലിം ഉമ്മത്തിനുമേൽ വിട്ടുവച്ചുപോയിരിക്കുന്നു; അത് ഖിയാമത്തുന്നാൾവരെ സമുദായത്തിന് വഴികാണിക്കുന്ന വഴിവിളക്കും ആത്മാക്കളുടെ ദാഹശമനത്തിനുള്ള പാനീയവുമാണ്. ദീനുൽഇസ്‌ലാം ജീവിതത്തിന്റെ മറ്റു വകുപ്പുകളുടെ നിയമങ്ങളും ചട്ടങ്ങളും പരിചയപ്പെടുത്തുന്നതിനോടൊപ്പം ഏതെങ്കിലും നേരത്ത് ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഭാഗത്തുനിന്ന് യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടാൽ തങ്ങളുടെ പ്രതിരോധത്തിനുള്ള അവസ്ഥകളും നിയമങ്ങളും പറഞ്ഞുതരുന്നു. അതിന്റെ ചിത്രം നമുക്ക് നമ്മുടെ പ്രിയപ്പെട്ട യജമാനരായ ഹദ്റത്ത് മുഹമ്മദ്ﷺയുടെ അനുഗൃഹീത ജീവിതത്തിൽ കാണാൻ കഴിയുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ സത്യവിശ്വാസികളെ സംബോധന ചെയ്തു പറയുന്നു: ***ലഖദ് കാനലക്കും ഫീ റസൂലില്ലാഹി ഉസ്‌വത്തുൻ ഹസനത്തുൻ ല്ലിമൻകാന യർജുല്ലാഹ വൽയൗമൽആഖരീ വ ദകറല്ലാഹ കഥീറാ*** (33:22)

നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഒരു ഉത്തമ മാതൃകയുണ്ട്; അതായത് അല്ലാഹുവിനേയും അന്ത്യനാളിനേയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്.

വർത്തമാനകാലത്ത് ഇസ്‌ലാമിന്റെ ശത്രുക്കളുടെ പക്ഷത്തുനിന്ന് വിവിധ ആക്ഷേപങ്ങൾ മുഖേന ഇസ്‌ലാമിനെ കുറിമാനമാക്കിക്കൊണ്ടിരിക്കുകയാണ്. അവയിൽ ഏറ്റവും വലിയൊരു ആക്ഷേപമാണ് ജിഹാദ്. ഈ വിഷയമെടുത്തുകൊണ്ട് ഇസ്‌ലാമിനെ ഭീകരപ്രവർത്തനത്തോടു ചേർത്തുപറയുന്നു. ഇസ്‌ലാമിന്റെ വിരോധികൾ ലോകത്തിനു മുമ്പിൽ നഊദുബില്ലാഹ് ഇസ്‌ലാം ഭീകരപ്രവർത്തനത്തിന് കൽപ്പിക്കുന്നുവെന്ന രീതിയിൽ അവതരിപ്പിക്കുന്നു; കരബലം കൊണ്ട് ഇസ്‌ലാമിനുമേൽ ആളെ ചേർക്കാൻ അനുവദിക്കുന്നുവത്രെ! ചിലർ തങ്ങളുടെ അന്ധമായ ശത്രുആവേശത്താൽ എത്രത്തോളം പറയുന്നുവെന്നാൽ, നഊദുബില്ലാഹ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺവാൾകൊണ്ട് ഇസ്‌ലാമിനെ പ്രചരിപ്പിച്ചുവത്രെ! ഈ ആക്ഷേപങ്ങൾക്കുള്ള ഏറ്റവും വലിയ കാരണം ഒന്നു ഇസ്‌ലാമിന്റെ ശത്രുക്കളുടെ അന്ധമായ വിരോധമാണ്. രണ്ടാമത്തേത് മുസ്‌ലിം ഉലമാഇന്റെ ജിഹാദിനുകൊടുത്തിട്ടുള്ള തെറ്റായ വ്യാഖ്യാനങ്ങളാണ്; യാഥാർഥ്യമാണെങ്കിൽ അതിനു വിരുദ്ധമാണ്; ഇന്ന് നമ്മൾ നബിﷺ തിരുമേനിയുടെ അനുഗൃഹീത ജീവിതംകൊണ്ട് ജിഹാദും ജിഹാദിന്റെ യഥാർഥമായ ഉള്ളടക്കവും മനസ്സിലാക്കാൻ ശ്രമിക്കുന്നതായിരിക്കും.

'ജിഹാദ്, ജുഹ്ദിൽനിന്ന് നിഷ്പന്നമായ പദമാണ്. ജുഹ്ദിന്റെ അർഥം ബുദ്ധിമുട്ടിന്റെ നേരത്ത് സഹിക്കുക. ജിഹാദിന്റെ അർഥം ഏതെങ്കിലും ജോലി ചെയ്യുന്നതിൽ പൂർണമായും ശ്രമിക്കുകയും ഒരുതരത്തിലുള്ള കുറവും അതിൽ വരുത്താതിരിക്കുകയും ചെയ്യുക.' *(താജുൽ ഉറൂസ്)*

വിശുദ്ധഖുർആനിലും തിരുഹദീഥുകളിലും ജിഹാദിന്റെ ധാരാളം തരങ്ങൾ വിവരിച്ചിട്ടുണ്ട്. വലുതായി പറഞ്ഞിട്ടുള്ളത് മൂന്നുതരം ജിഹാദാണ്. യഥാർഥത്തിൽ അടിസ്ഥാനപരമായിട്ടുള്ളതും അവയാണ്.

ഒന്ന് ജിഹാദെ അക്ബർ: അതായത് ശരീരേച്ഛയോടു ചെയ്യുന്ന ജിഹാദ്. രണ്ട് ജിഹാദെ കബീർ അതായത് ഖുർആൻകൊണ്ടുള്ള ജിഹാദ്. മൂന്ന് ജിഹാദെ അസ്വ്ഗർ അതായത് വാളെടുത്തുള്ള ജിഹാദ്.

### 1. ജിഹാദെ അക്ബർ: ശരീരേച്ഛയോടുള്ള ജിഹാദ്

സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺയുടെ 63 വർഷത്തെ അനുഗൃഹീത ജീവിതത്തിലെ ജിഹാദെ അക്ബറിന്റെ പരമ്പര മക്കയിലെ ഹിറാ ഗുഹയിലെ ഇരുട്ടുകളിൽനിന്നു തുടങ്ങി മദീന മുനവ്വറയിലെ വമ്പിച്ച വിജയങ്ങൾവരെ വ്യാപിച്ചുനില്ക്കുന്നു. അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും ജിഹാദെ അക്ബർ അതായത് ശരീരേച്ഛയോടുള്ള പോരാട്ടത്തിലായിരുന്നു. അങ്ങനെ അവിടന്ന് സ്വാത്മ പരിത്യാഗത്തിലും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നതിലും തഖ്‌വയിലും പരിശുദ്ധിയിലും സാഹോദര്യത്തിലും മനുഷ്യത്വത്തിലും സത്യസന്ധതയിലും വിശ്വസ്തതയിലും എങ്ങനെയുള്ള ഉന്നതമായ നിലയാണ് സ്ഥാപിച്ചതെന്നാൽ ശത്രുക്കൾക്കുപോലും അദ്ദേഹത്തെകുറിച്ച് സത്യസന്ധനെന്നും വിശ്വസ്തനെന്നും പറയാതിരിക്കാൻ പറ്റിയില്ല.

ഹദീഥിൽ വന്നിരിക്കുന്നു: നബിﷺതിരുമേനി പ്രവാചകത്വം വാദിച്ചപ്പോൾ മക്കക്കാർ അദ്ദേഹത്തിന്റേയും അദ്ദേഹത്തെ വിശ്വസിച്ചവരുടേയുംമേൽ നിരന്തരം അക്രമങ്ങൾ അഴിച്ചുവിടാൻ തുടങ്ങി. അത് ദിവസവും വർധിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ അയൽപക്കത്തു താമസിച്ചിരുന്നവർ അദ്ദേഹത്തിന്റെ വീട്ടിലേക്ക് കല്ലെറിയുമായിരുന്നു. വാതിലുകളിൽ മുള്ളുകൾ തറയ്ക്കുമായിരുന്നു. ഒരിക്കൽ അവിടന്ന് കഅ്ബയുടെ അടുത്തു നമസ്കരിക്കുകയായിരുന്നു. ഉഖബ ബിൻ അബീ മുഈത്വ് അവിടത്തെ കഴുത്തിൽ മുണ്ടിട്ട് എത്രമാത്രം വലിച്ചുമുറുക്കിയെന്നാൽ ശ്വാസം നിലയ്ക്കാൻ തുടങ്ങി. ഹദ്റത്ത് അബൂബക്ർؓ അതറിഞ്ഞു ഓടിയെത്തി. ആ ദുഷ്ടന്റെ അക്രമത്തിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചു. ഒരിക്കൽ അവിടന്ന് നമസ്കരിക്കുകയായിരുന്നു. അവിടന്ന് സുജൂദിൽ പോയപ്പോൾ ആരോ അദ്ദേഹത്തിന്റെ കഴുത്തിൽ ഒട്ടകത്തിന്റെ കുടൽമാല കൊണ്ടുപോയിവച്ചു. അതിന്റെ ഭാരംകൊണ്ട് തലയുയർത്താൻ കഴിഞ്ഞിരുന്നില്ല; ചിലയാളുകൾ വന്ന് അത് നീക്കം ചെയ്യുന്നതുവരെ. *(സ്വഹീഹ് ബുഖാരി, കിതാബുസ്സൗം)*

ഇത്തരമെല്ലാതരത്തിലുള്ള ആക്രമണങ്ങളുണ്ടായിട്ടും സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺ മാപ്പിന്റേയും വിട്ടുവീഴ്ചയുടേയും ജിഹാദ് ചെയ്തുകൊണ്ട് എപ്പോഴും തിന്മയ്ക്കുള്ള മറുപടി നന്മകൊണ്ടും ദുആകൊണ്ടും കുടുംബബന്ധം പുലർത്തിക്കൊണ്ടും കൊടുത്തുകൊണ്ടിരുന്നു. കാരണം അത് മഹത്തായ ജിഹാദായിരുന്നു. അതിനുവേണ്ടിയാണ് അവിടന്ന് നിയമിക്കപ്പെട്ടത്. നിവേദനത്തിൽ വരുന്നു: ഒരിക്കൽ സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺ ഒരു യുദ്ധത്തിൽനിന്ന് മടങ്ങിവരികയായിരുന്നു. അപ്പോൾ അവിടന്ന് പറഞ്ഞു: 'നമ്മളെല്ലാ

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin